# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018 - 2019

കേരള സംസ്ഥാന ഓഡിറ്റ് കോഴിക്കോട് ജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail:dokkd.ksad@kerala.gov.in

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)*

നം.കെ.എസ്.എ.കെ.കെ.ഡി./പി.9/7/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഫോൺ 0495 2371012
ഇ-മെയിൽ dokkd.ksad@kerala.gov.in
തീയതി.07.01.2020

ഡെപ്യൂട്ടി ഡയറക്ടർ,
കോഴിക്കോട്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : **കൂടരഞ്ഞി ഗ്രാമ**പഞ്ചായത്ത് 2018 – 2019 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ** 2018 - 2019 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 – ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം കൂടരഞ്ഞി ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി 9/7/2020 തിയ്യതി: 07.01.2020

# കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2018 -2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോഴിക്കോട് ജില്ലയിലെ **കൂടരഞ്ഞി ഗ്രാമ** പഞ്ചായത്തിന്റെ 2018 –2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 14.2.2019 മുതൽ 11.12.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.
സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ വാസുദേവൻ. എം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.12.2019 മുതൽ 21.12.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. മോഹൻ കുന്നം മനക്കൽ | ഓഡിറ്റ് ഓഫീസർ (12.12.2019 മുതൽ 21.12.2019 വരെ |
| | ശ്രീമതി ജിഷസാമുവൽ | അസി.ഓഡിറ്റ് ഓഫീസർ (16.12.2019 മുതൽ 21.12.2019 വരെ) |
| | ശ്രീമതി ഇന്ദുകല. സി. വി | സീനി.ഗ്രേഡ് ഓഡിറ്റർ (16.12.2019 മുതൽ 21.12.2019 വരെ) |

| | | |
|---|---|---|
| | ശ്രീ ഷിനിത്ത്.എ | സീനി.ഗ്രേഡ് ഓഡിറ്റർ (16.12.2019 മുതൽ 21.12.2019 വരെ) |
| | ശ്രീ ഡാനിഷ്.എ.ഇസഡ് | ഓഡിറ്റർ (12.12.2019 മുതൽ 19.12.2019 വരെ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. സോളി ജോസഫ് | 1.4.2018മുതൽ 31.3.2019വരെ |
| സെക്രട്ടറി | ശ്രീ പി.ടി.ആബ്ദുൾ സലാം | 1.4.2018മുതൽ 31.3.2019വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീമതി രശ്മിപ്രിയ | 1-4-2018മുതൽ 31-3-2019വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി റഷി.പി.ആർ | 1-4-2018മുതൽ 31-3-2019വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച് സി | ശ്രീമതി നൈസി തോമസ് | 1-4-2018മുതൽ3.3.2019 വരെ |
| | ശ്രീമതി പ്രിയ | 4.3.2019 മുതൽ 31-3-2019വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ശ്രീമതി സല്ലീ. പി | 1-4-2018മുതൽ 31-3-2019വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി പത്മാവതി. കെ | 1-4-2018മുതൽ 22.7.2018 വരെ |
| | ശ്രീമതി ഫസ്ലി.പി.കെ | 23.7.2018മുതൽ31-3-2019വരെ |
| വെറ്ററിനറി സർജൻ | ശ്രീ ഡിജേഷ് ഉണ്ണികൃഷ്ണൻ | 1-4-2018മുതൽ 31-3-2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ ജോസ് കുര്യാക്കോസ് ടി.ഓ | 1-4-2018മുതൽ 31-3-2019വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ ടോമി.കെ.സി | 1-4-2018മുതൽ 31-3-2019വരെ |

| | | |
|---|---|---|
| ക്ഷീര വികസന ഓഫീസർ | ശ്രീ രമേശ്.എൻ | 1.4.2018 മുതൽ 14.9.2018 വരെ |
| | ശ്രീമതി റജിമോൾ ജോർജ്ജ് | 15.9.2018മുതൽ31-3-2019വരെ |
| കൃഷി ഓഫീസർ | ശ്രീമതി അഞ്ജലി.എ.ഹരി | 1-4-2018മുതൽ 31-3-2019വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | സാമ്പത്തിക വിശകലനം | 1-2 |
| 3 | ഫണ്ട് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | കാഷ് ബാലൻസ് പരിശോധന | 1-5 |
| 6 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-7 |
| 8 | ഫണ്ട് ലാപ്സ് | 1-8 |
| 9 | വാർഷികക്കണക്ക് | 1-9 |
| 10 | രശീതി പരിശോധന | 1-10 |
| 11 | വസ്തു നികുതി നടപടിക്രമങ്ങളിലെ അപാകത | 1-11 |
| 12 | എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് പി.വി.സി. ടാങ്ക് വിതരണം | 1-12 |
| 13 | സപ്ലൈ ഓർഡർ പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭിച്ചില്ല | 1-13 |
| 14 | ഷോപ്പിങ്ങ് കോംപ്ലക്സ് റൂം കേസ് - രേഖകളുടെ സൂക്ഷിപ്പ് | 1-14 |

| | | |
|---|---|---|
| 15 | അങ്കണവാടി വർക്കർ/ഹെൽപ്പർ അധിക ഹോണറേറിയം | 1-15 |
| 16 | മരാമത്ത് പ്രൊജക്റ്റുകൾ -ആസൂത്രണ നിർവ്വഹണത്തിലെ അപാകത | 1-16 |
| 17 | സമയബന്ധിതമായി പദ്ധതി നടപ്പാക്കുന്നില്ല. സർക്കാർ ഫണ്ട് നഷ്ടം | 1-17 |
| 18 | കോസ്റ്റ് ഇൻഡക്സിലെ മാറ്റം കണക്കിലെടുക്കാതെ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കി | 1-18 |
| 19 | പൂവാറൻ തോട് കല്ലംപള്ളി എസ്.ടി കോളനി തമ്പുരാൻ കൊല്ലി റോഡ് | 1-19 |
| 20 | ഒരേ റോഡിന് രണ്ട് പദ്ധതി – വിശദാംശം ലഭ്യമല്ല | 1-20 |
| 21 | ഹരിത കേരളം - റിപ്പോർട്ട് | 1-21 |
| 22 | സമഗ്ര വിദ്യാഭ്യാസ പരിപാടി -റിപ്പോർട്ട് | 1-22 |
| 23 | ലൈഫ് മിഷൻ - റിപ്പോർട്ട് | 1-23 |
| 24 | മാവേലി സ്റ്റോർ വാടക-വാടകരഹിതക്കെട്ടിടമൊരുക്കുന്നതിനു പകരം തനത് ഫണ്ടിൽ നിന്നും വാടക നൽകുന്നു | 1-24 |
| | **ഭാഗം 2** | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 3** | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 25 | സംയുക്ത പ്രൊജക്റ്റുകൾ-ഫണ്ട് വിനിയോഗം | 4-1 |
| 26 | നിക്ഷേപ പ്രവൃത്തിക്ക് നല്കിയ തുകകൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |

| | | |
|---|---|---|
| 28 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 29 | സ്ഥിരം നിക്ഷേപം | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 32 | ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 35 | സാക്ഷ്യപത്രം | അനുബന്ധം |


# ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2018 -2019 വർഷത്തെ ബജറ്റ് 21.3.2018 ലെ 1ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 111850300 രൂപയും (മുൻബാക്കി 8796150 രൂപ ഉൾപ്പെടെ ആകെ വരവ് 120646450 രൂപ) പ്രതീക്ഷിത ചെലവ് 1113162500 രൂപയുമാണ്. പരിഷ്കരിച്ച ബജറ്റ് 16.2.2019 ലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(1എ) അനുസരിച്ച് 2018 മാർച്ച് ആദ്യവാരത്തിനുമുമ്പ് , 13.3.2018 ന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ബജറ്റ് ഭരണ സമിതിയിൽ അംഗീകാരത്തിനായി വച്ചിട്ടുണ്ട്.

## 1-2 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേമെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4331142.25 |
| വരവ് | 94076568 |
| ആകെ | 98407710.25 |
| ചെലവ് | 87315577 |
| നീക്കിയിരിപ്പ് | 11092133.25 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വകസന ഫണ്ട്(പൊതുവിഭാഗം) | 0 | 15511562 | 15511562 | 15511562 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 1696711 | 1696711 | 1696711 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 876901 | 876901 | 876901 | 0 |
| സംരക്ഷണഗ്രാന്റ്( റോഡ്) | 0 | 14838359 | 14838359 | 14838359 | 0 |
| സംരക്ഷണ ഗ്രാന്റ്( നോൺ റോഡ്) | 0 | 3715051 | 3715051 | 3715051 | 0 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8628000 | 8628000 | 8628000 | 0 |
| കെ.എൽ.എസ്.ജി.ഡി.പി | 93862(ലാപ്സ് ആയി) | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്<br>1.തൊഴിലാളികളുടെ കൂലി-<br>2. ഭരണ ചെലവുകൾ | 0<br>133255 | 18736000<br>1439883 | 18736000<br>1573138 | 18736000<br>1549509 | 0<br>23628 |
| കേന്ദ്ര ഫണ്ട് (എം.പി.എൽ.എ.ഡി.എസ്) | 149690 | 5308(പലിശ) | 154998 | ഇല്ല | 154998 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 880757 | 7687005 | 8567762 | 3252843 | 5314919 |

## 1-4 പദ്ധതി അവലോകനം

2018-19 വർഷം ആകെ 202 പ്രൊജക്ടുകൾക്കാണ് ഡി.പി.സി. അംഗീകാരം ലഭിച്ചത്. ബജറ്റ് അലോക്കേഷൻ പ്രകാരം പഞ്ചായത്തിന് അർഹമായ സർക്കാർ ഗ്രാന്റ്പൂർണ്ണമായും വിനിയോഗിക്കാത്തത് കാരണം 4160416 രൂപ വർഷാവസാനം ലാപ്സായിട്ടുണ്ട്.

എല്ലാ ഫണ്ടിനങ്ങളും കൂടി ആകെ 101655603 രൂപ യാണ് പദ്ധതികൾക്ക് വകയിരുത്തിയത്. ഉൽപാദന മേഖലയിൽ 11, സേവന മേഖലയിൽ 77, പശ്ചാത്തല മേഖലയിൽ 114 എന്നിങ്ങനെ ആകെ 202 പ്രൊജക്ടുകൾക്കാണ് തുക വകയിരുത്തിയത്. ഇതിൽ ആകെ 40 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| വിഭാഗം | ഉൽപാദനം | | | സേവനം | | | പശ്ചാത്തലം | | |
|---|---|---|---|---|---|---|---|---|---|
| | നടപ്പാക്കിയത് | നടപ്പാക്കാത്തത് | ആകെ | നടപ്പാക്കിയത് | നടപ്പാക്കാത്തത് | ആകെ | നടപ്പാക്കിയത് | നടപ്പാക്കാത്തത് | ആകെ |
| പൊതുവിഭാഗം | 9 | 1 | 10 | 46 | 20 | 66 | 95 | 17 | 112 |
| പട്ടികജാതി | 1 | 0 | 1 | 5 | 1 | 6 | 0 | 0 | 0 |
| പട്ടിക വർഗ്ഗം | 0 | 0 | 0 | 4 | 1 | 5 | 2 | 0 | 2 |
| ആകെ | 10 | 1 | 11 | 55 | 22 | 77 | 97 | 17 | 114 |

ഉൽപാദന മേഖലയിലെ 90ശതമാനം പ്രൊജക്റ്റുകളും നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ വികസനപദ്ധതികൾ രൂപം നല്കുന്നതിലും നിർവ്വഹണം ഉറപ്പാക്കി വികസനം ഉറപ്പുവരുത്തുന്നതിലും വർക്കിങ്ങ് ഗ്രൂപ്പുകൾക്കും സ്റ്റാന്റിങ്ങ് കമ്മിറ്റികൾക്കുമുള്ള പങ്ക് 13ാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിലും മുൻ പദ്ധതി മാർഗ്ഗരേഖകളിലും വ്യക്തമാക്കിയിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്തിന്റെ സമഗ്രമായ വികസനത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പദ്ധതികൾക്ക് രൂപം നല്കുന്നത് മുതൽ നിർവ്വഹണം, മോണിറ്ററിങ്ങ്, എന്നീ പ്രവർത്തനങ്ങളിൽ വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമാകേണ്ടതുണ്ട്. എന്നാൽ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി നിർവഹിക്കുന്നതിൽ വർക്കിങ്ങ് ഗ്രൂപ്പുകൾ വേണ്ടത്ര ശ്രദ്ധ കാണിച്ചിട്ടില്ലെന്ന് വർക്കിങ്ങ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ വ്യക്തമാണ്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1. വർക്കിങ്ങ് ഗ്രൂപ്പുകളുടെ മിനുട്സിൽ പദ്ധതി യുടെ നിർവ്വഹണം പൂർത്തീകരണം എന്നിവ സംബന്ധിച്ച് അവലോകനം നടത്തുകയോ മോണിറ്ററിങ്ങ് സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കുകയോ ചെയ്തതായി കാണുന്നില്ല.

2. 5.12.2018 ന ശേഷം വർക്കിങ്ങ് ഗ്രൂപ്പുകൾ യോഗം നടത്തിയതായി രേഖപ്പെടുത്തലുകൾ ഇല്ല.

3. വർക്കിങ്ങ് ഗ്രൂപ്പുകളുടെ മിനുട്സിൽ തീരുമാനങ്ങൾ രേഖപ്പെടുത്താത്തതായും പല തിലും തീരുമാനങ്ങൾ ചേർത്ത ശേഷം കൺവീനർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതായും കാണുന്നു (ഉദാ- പൊതുമരാമത്ത് വർക്കിങ്ങ് ഗ്രൂപ്പിന്റെ 3.11.2018, 22.11.18, 5.12.18 യോഗങ്ങൾ, സാമൂഹ്യക്ഷേമ വർക്കിങ്ങ് ഗ്രൂപ്പിന്റെ 3.11.18, 22.11.18, 5.12.18 യോഗങ്ങൾ) ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചത് പ്രകാരം ഓഡിറ്റ് നിരീക്ഷിക്കുന്നു. വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്ക് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ജാഗ്രത പുലർത്തേണ്ടതുണ്ട്.

## 1-5 കാഷ് ബാലൻസ് പരിശോധന

ഗ്രാമപഞ്ചായത്തിലെ നീക്കിയരിപ്പ് പണം 100 രൂപ, ഗ്രാമപഞ്ചായത്ത് അധികൃതരുടെ സാന്നിധ്യത്തിൽ 18.12.2019 ൽ പരിശോധിച്ച് കൃത്യത ബോധ്യപ്പെട്ടിട്ടുണ്ട്.

## 1-6 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ കാര്യക്ഷമതയാണ്, ഏതൊരു സ്ഥാപനത്തിന്റെയും

പ്രവർത്തന കാര്യക്ഷമതയുടെ അടിസ്ഥാനം. പൗരന്മാർക്ക് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനും പഞ്ചായത്തിന്റെ സമഗ്രമായ വികസനപ്രവർത്തനങ്ങൾ ഫലപ്രദമായി ആസൂത്രണം ചെയ്യൽ, രൂപം കൊടുക്കൽ, നിർവ്വഹണം എന്നിവ സാധ്യമാകുന്നതിനും പ്രവർത്തനങ്ങളിൽ നിയന്ത്രണ സംവിധാനം ഫലപ്രദമാകണം. ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരെ അവരുടെ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർവ്വചിച്ച് നല്കി, വ്യക്തമായ ഒരു സംഘടനാസംവിധാനത്തിൽ ഒരുക്കുക, ദൈനം ദിന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് ആവശ്യമായ രേഖകളും റജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുക, വ്യക്തമായ ഇൻഡക്സിങ്ങ് രീതിയിൽ ഫയലുകൾ സൂക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം ഒരുക്കുക, സർക്കാരും ഭരണസമിതിയും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് മേൽനോട്ട സംവിധാനം കാര്യക്ഷമമാക്കുക എന്നിവ ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ സവിശേഷതകളാണ്. ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം സംബന്ധിച്ച് പരിശോധിച്ചതിൽ, ജീവനക്കാരുടെ ചുമതലകൾ വിഭജിച്ചുനല്കിക്കൊണ്ട് ഓഫീസ് ഉത്തരവ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചതായി കണ്ടു. അതിൽ താഴെ ചേർത്ത അപാകതകൾ ശ്രദ്ധയിൽ പെട്ടു.

1. രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് തൃപ്തികരമല്ല. ഉദാഹരണമായി

എ. ഇൻകുമ്പൻസി മാസ്റ്റർ റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ബി. ആസ്തി രജിസ്റ്ററിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ മൂല്യം രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

സി. ഓഡിറ്റ് റിക്കവറി റജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ 2016-17 ന ശേഷം രേഖപ്പെടുത്തൽ നടത്താതെ അപൂർണമായി സൂക്ഷിച്ചു.
ഡി. രശീതി രേഖപ്പെടുത്തൽ, തപാലുകൾ, പേഴ്സണൽ രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പിലെ അപാകത സംബന്ധിച്ച് ഖണ്ഡിക 1-10,1-14 കാണുക.
ഇ. അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ 2019 വർഷം മുതൽക്കുള്ള വിവരങ്ങൾ മാത്രം രേഖപ്പെടുത്തിയതാണ് ലഭ്യമാക്കിയത്. വേക്കൻസി റമിഷൻ സംബന്ധിച്ച് യാതൊരു രേഖയും ഇല്ല

2. ത.സ്വ.ഭ.സ്ഥാവനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനായുള്ള പ്രത്യേക സർക്കാർ ഉത്തരവു പ്രകാരം (ജി.ഓ.(പ) നം.259/2010/ത.സ്വ.ഭ.വ തീയ്യതി 8.11.10) വാർഷിക ബജറ്റ്, പ്രൊക്വയർമെന്റ് പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടില്ല.

4. വർക്കിങ്ങ് ഗ്രൂപ്പുകളുടെ മിനുട്സ് പലതും അപൂർണ്ണമായി തയ്യാറാക്കിയ രീതിയിലാണ്.

5. ജീവനക്കാർക്ക് യാത്രപ്പടി അനുവദിക്കുന്നതിന് ജീവനക്കാരുടെ യാത്രാ ഡയറി ഫയലിൽ സൂക്ഷിക്കുന്നില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (2017-18 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-10 കൂടി കാണുക)

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് ഏജൻസി | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.5.2019 | 2/2019 | PAU1/Koodaranhi2 /2019(2) 28.5.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.6.2017 | 2012-13 മുതൽ 2016-17 വരെ | ലഭ്യമാക്കിയിട്ടില്ല |

## 1-8 ഫണ്ട് ലാപ്സായി

2018-19 വർഷം ആകെ 202 പ്രൊജക്ടുകൾക്കാണ് ഡി.പി.സി. അംഗീകാരം ലഭിച്ചത്. തൻവർഷം ആകെ 40 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടില്ല. സർക്കാരിന്റെ ബജറ്റ് അലോക്കേഷൻ പ്രകാരം പഞ്ചായത്തിന് അർഹമായ സർക്കാർ ഗ്രാന്റ്പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ 4160416 രൂപ വർഷാവസാനം ലാപ്സായിട്ടുണ്ട്.ഫണ്ടിനം

| ഫണ്ടിനം | മുന്നിരിപ്പ് | ബജറ്റ് അലോക്കേഷൻ | യഥാർത്ഥ വരവ് | ചെലവ് | ലാപ്സ് തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| വി.ഫണ്ട് (പൊതു) | 0 | 18592000 | 15511562 | 15511562 | 3080438 |
| എസ്.സി.പി | 0 | 2066000 | 1696711 | 1696711 | 369289 |
| ടി.എസ്.പി | 0 | 1393000 | 876901 | 876901 | 516099 |
| സി.എഫ്.സി | 0 | 15029000 | 14838359 | 14838359 | 190641 |
| മെ.ഗ്രാ(റോ) | 0 | 3719000 | 3715051 | 3715051 | 3949 |
| മെ.ഗ്രാ(നോ.റോ) | 0 | 8628000 | 8628000 | 8628000 | 0 |
| ആകെ | 0 | 49427000 | 45266584 | 45266584 | 4160416 |

പഞ്ചായത്തിന്റെ സമഗ്രമായ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമായിരുന്ന ഗ്രാന്റ് തുകകൾ നഷ്ടപ്പെടാനിടയാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിങ്

കമ്മിറ്റികൾ ജാഗ്രത കാട്ടേണ്ടതുണ്ട്.പഞ്ചായത്തിന് അർഹമായ ഫണ്ട് നഷ്ടമാകുന്നത് സംബന്ധിച്ച് ഖ.1-17 കൂടി കാണുക.

## 1-9 വാർഷിക കണക്കിലെ അപാകതകൾ

2018-19 വാർഷിക കണക്കുകൾ 17.5.2019 ൽ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് വിശേഷണങ്ങളോട്ടുകൂടിയ ഓഡിറ്റ് സാക്ഷ്യപത്രം കെ.എസ്.എ.കെ,കെ.ഡി/ഇ2887/2019(29) തീയ്യതി 1.8.2019 ആയി പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷികക്കണക്കുകളിലെ താഴെ ചേർത്ത അപാകതകൾ പരിഹരിക്കേണ്ടതാണ്.

1. കൂടരഞ്ഞി കോ-ഓപ് ബാങ്കിലുള്ള അക്കൗണ്ട് നം 108 ന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 4473 രൂപയുടെ ചെക്കുകൾ 3 മാസത്തിലധികമായി പണമാക്കി മാറ്റാത്തതായി കാണുന്നു. പ്രസ്തുത തുക കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിൽ വരവുപിടിച്ചിട്ടില്ല.

2. ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായിട്ടുള്ള തുകയ്ക്ക് പ്രൊവിഷൻ വച്ചിട്ടില്ല.

3. ക്ലോസിങ്ങ് സ്റ്റോക്കിന്റെ മൂല്യം തൻവർഷം നടത്തിയ പർച്ചേസുകളുടെ മൂല്യം, ഓപ്പണിങ്ങ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

4. ബാലൻസ് ഷീറ്റിലെ ബി12 ഷെഡ്യൂൾ പ്രകാരം 1100 രൂപയുടെ നിക്ഷേപമുള്ളതായി കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററും സർട്ടിഫിക്കറ്റും ലഭ്യമാക്കിയിട്ടില്ല.

5.ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള സ്ഥിരം ആസ്തിയുടെ മൂല്യം ഉറപ്പുവരുത്താനായിട്ടില്ല.

6. ആർ.പി ഷെഡ്യൂൾ 32 , ആർ.പി 45 എന്നിവ പ്രകാരം 13582025 രൂപ KURDFC യിൽ നിന്നും യഥാക്രമം ലോൺ വരവായും ചെലവായും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

7. തനതുഫണ്ടിനൊപ്പം നിക്ഷേപിച്ചിട്ടുള്ള വിവിധ ഗ്രാന്റുകളുടെ വിശദാംശം കാണിക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

8. 3/2019 ലെ ശമ്പള വിൽ പ്രകാരം 49287 രൂപയാണ് പെൻഷൻ കോൺട്രിബ്യൂഷൻ. എന്നാൽ ബി9 പ്രകാരം 76502 രൂപ ഈയിനത്തിൽ ബാധ്യതയായി കാണിച്ചിട്ടുണ്ട്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

9. ഓഡിറ്റ് റിക്കവറി ഇനത്തിൽ ആർ. പി. 10 പ്രകാരം, 17301 രൂപയാണ് വരവായി കാണിച്ചത്. എന്നാൽ രശീ,തി നം. 118020101143/1.8. 18, 118020102703/4.12.18 , 118020102746/6.12.18 എന്നിവ പ്രകാരം ആകെ 20053 രൂപ വരവുണ്ട്. വ്യത്യാസം വ്യക്തമല്ല

## 1-10 രശീതി പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

2018-19 കാലയളവിലെ രസീത് പരിശോധന,വരവ് തുകയുടെ ഒടുക്ക്,പിൻവലിക്കൽ എന്നിവയുമായി ബന്ധപെട്ട് കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. സാംഖ്യരശീതികൾ ക്യാൻസൽ ചെയ്തെങ്കിലും സെക്രട്ടറി സാക്ഷ്യപെടുത്തിയില്ല. ചില ഉദാഹരണങ്ങൾ

| രസീത്/സ്റ്റേഷനറി നമ്പർ | തീയ്യതി |
|---|---|
| 118020104480 | 09.03.2019 |
| 118020104485 | 09.03.2019 |
| 118020104510 | 09.03.2019 |
| 118020104521 | 09.03.2019 |
| 5887743 | 05.12.2018 |
| 5887734 | 05.12.2018 |
| 118020103176 | 15.01.2019 |
| 5887759 | 06.12.2018 |

2. ചെക്ക് ആൻഡ് ഡ്രാഫ്റ്റ് രജിസ്റ്ററിൽ പഞ്ചായത്തിൽ ലഭ്യമായ ചെക്കുകളും ഡ്രാഫ്റ്റുകളും ലഭ്യമാകുന്ന മുറയ്ക്ക് ചേർക്കുന്നെങ്കിലും കോളം നമ്പർ 9-പണമായി മാറിയ തീയ്യതി രേഖപെടുത്തുന്നില്ല.

3. കൃഷിഓഫീസർ ഉപയോഗിച്ച 10086,10095 എന്നീ രസീറ്റ് ബുക്കുകളിൽ പണം സ്വീകരിച്ച ഉദ്ധ്യോഗസ്ഥരുടെ ചുരുക്കൊപ്പ് രേഖപെടുത്തിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നല്കിയ12ാം നം. ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 1-11 വസ്തു നികുതി - നടപടിക്രമങ്ങളിലെ അപാകതകൾ

1) ഡിമാന്റ് നോട്ടീസ് നൽകുന്നില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും,സർചാർജ്ജും) ചട്ടങ്ങൾ 14പ്രകാരം വസ്തു നികുതി നിർണ്ണയം സംബന്ധിച്ച വിവരങ്ങൾ 12ാംചട്ടം പ്രകാരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിലും 13ാംചട്ടം പ്രകാരം വസ്തു നികുതി ഡിമാന്റ് രജിസ്റ്ററിലും രേഖപ്പെടുത്തിയ ശേഷം അപ്രകാരമുള്ള നികുതി ചുമത്തുന്നതിനു സെക്രട്ടറി ഓരോ കെട്ടിട ഉടമയ്ക്കും ഫോറം 9 ൽ ഒരു ഡിമാന്റ് നോട്ടീസ് നൽകേണ്ടതും, കെട്ടിട ഉടമയോ അയാളുടെ ഏജന്റോ കൈപ്പറ്റിയതിനു നോട്ടീസിന്റെ പകർപ്പിൽ കൈപ്പറ്റ് രസീത് വാങ്ങേണ്ടതുമാണ്. എന്നാൽ ചട്ടം 14പ്രകാരം ഡിമാന്റ് നോട്ടീസ് നൽകുന്നില്ല

2) നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും,സർചാർജ്ജും) ചട്ടങ്ങൾ 20 (2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിനു സാധാരണ കെട്ടിട നമ്പർ നല്കുന്ന രീതിയില്ല നമ്പർ നല്കേണ്ടത്. നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന ' U A ' എന്നും അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നല്കേണ്ടതാണ്. ഇപ്രകാരം കെട്ടിട നമ്പർ നല്കുന്നത് 235 എ എ വകുപ്പ് പ്രകാരം വസ്തു നികുതി നിർണ്ണയിക്കുന്നതിനു വേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതും മറ്റ് യാതൊരു ആവശ്യങ്ങൾക്കും ഗ്രാമപഞ്ചായത്തോ കെട്ടിട ഉടമയോ പ്രസ്തുത കെട്ടിട നമ്പർ ഉപയോഗപ്പെടുത്താൻ പാടില്ലാത്തതുമാണ്.

ചട്ടം 20 (3) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക്, 235 എ എ വകുപ്പ് (1) ാം ഉപ വകുപ്പ് പ്രകാരം അവയ്ക്ക് വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും നിരക്കിലും വസ്തു നികുതി നിർണ്ണയിക്കേണ്ടതും, വസ്തുനികുതി ചുമത്തുന്നതുമൂലം നിയമാനുസൃതമല്ലാതെയുള്ള കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കപ്പെട്ടതായി കണക്കാക്കാവുന്നതല്ല എന്നും ഉടമസ്ഥനെതിരെ നടപടിയെടുക്കുന്നതിനു ഇത് തടസ്സമായിരിക്കുന്നതല്ല എന്നും നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം പൊളിച്ച്മാറ്റുന്നതു വരെ ഇപ്രകാരം വസ്തു നികുതി നല്കാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുമെന്നും കാണിച്ച് ഡിമാന്റ് നോട്ടീസ് നല്കേണ്ടതുമാണ്. എന്നാൽ ഇത് സംബന്ധിച്ച വിവരങ്ങളൊന്നും പരിശോധയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) <u>വിമുക്ത ഭടൻമാരുടെ ഭവനങ്ങളുടെ വീട്ടുകരം ഒഴിവാക്കൽ</u>

വിമുക്ത ഭടൻമാരുടെയോ അവരുടെ ഭാര്യ/ വിധവ അല്ലെങ്കിൽ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻ/ അവരുടെ വിധവ എന്നിവരുടെ യഥാർത്ഥ താമസത്തിനുപയോഗിക്കുന്ന ഭവനങ്ങളുടെ വസ്തു നികുതി ഒഴിവാക്കിയത് സംബന്ധിച്ച 02.07.2013 ലെ ജി ഒ (എം എസ്) നം. 242/13 നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം,

1) മറ്റൊരു കെട്ടിടത്തിനും നികുതിഇളവ് ലഭിക്കുന്നില്ലെന്നുള്ള സത്യവാങ്മൂലം വെള്ളക്കടലാസിൽ അപേക്ഷയോടൊപ്പം വാങ്ങേണ്ടതാണ്.

2) വസ്തു നികുതി ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

3) നികുതി ഇളവ് അനുവദിക്കുന്ന വിവരം വിമുക്ത ഭടന്റെ ഡിസ്ചാർജ്ജ് സർട്ടിഫിക്കേറ്റിലോ, സർവീസ് രേഖയിലോ രേഖപ്പെടുത്തി മുദ്ര വെച്ച് നൽകേണ്ടതാണ്. എന്നാൽ 2018-19ൽ വിമുക്ത ഭടൻമാരുടെ ഭവനങ്ങളുടെ കരം ഒഴിവാക്കിയതു സംബന്ധിച്ച വിവരങ്ങളൊന്നും പരിശോധയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4 ) 660 ചതുരശ്ര അടിയിൽ താഴെയുള്ള വാസഗൃഹങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത്

സ ഉ (എം എസ്) നം. 144/15/ ത സ്വ ഭ വ തിയ്യതി 27/04/2015 പ്രകാരം, 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ഒരു പഞ്ചവർഷ അസസ്മെൻറ് കാലയളവിലേയ്ക്ക് ഇപ്രകാരം നികുതി ഒഴിവ് നല്കുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറി വാങ്ങി കർശനമായും സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത് സംബന്ധിച്ച വിവരങ്ങളൊന്നും പരിശോധയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5) ആഡംബര നികുതി

സ ഉ (എം എസ് ) നം 231/15 തി 9.07.2015 പ്രകാരം 1975 ലെ കേരള കെട്ടിട നികുതി നിയമം വകുപ്പ് 5 (എ) പ്രകാരമുള്ള ആഡംബര നികുതി ബാധകമായ കെട്ടിടങ്ങൾക്ക് മുൻ ധനകാര്യ വർഷത്തെ ആഡംബര നികുതി ഒടുക്കിയ രസീതിന്റെ പകർപ്പ ഹാജരാക്കിയാൽ മാത്രമേ വസ്തു നികുതി ഈടാക്കി രസീത് നല്കാവൂ. എന്നാൽ ഇത്തരം കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല.

6 ) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന

ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 3 (6) പ്രകാരം, ആക്ടിലെ 207 ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങളും അവ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടതിനുള്ള കാരണങ്ങളും സെക്രട്ടറി ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ച് പോരേണ്ടതാണ്.

2) മേൽ ചട്ടങ്ങൾ 21(3) പ്രകാരം,ഒഴിവായികിടക്കുന്ന കെട്ടിടത്തിന് അനുവദിക്കുന്ന ഏതൊരു ഇളവും ഫോറം 11ലുള്ള നികുതി ഇളവ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

3) സ ഉ (എം എസ്) നം. 144/15/ ത സ്വ ഭ വ തിയ്യതി 27/04/2015 പ്രകാരം, 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും മേൽ ചട്ടങ്ങൾ 3 (6) പ്രകാരം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

4) മേൽ ചട്ടങ്ങൾ 20 (1) പ്രകാരം, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി അവ സംബന്ധിച്ച വിശദാംശങ്ങൾ ഫോറം 10ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

5) മേൽ ചട്ടങ്ങൾ 13 പ്രകാരം, ഒരു കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിക്കുകയും വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തുകഴിഞ്ഞാൽ അപ്രകാരമുള്ള നികുതി ഈടാക്കുന്നതിലേക്കായി ആവശ്യമായ വിവരങ്ങൾ ഫോറം 8ലുള്ള വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

6) സ ഉ (എം എസ്) നം. 210/13/ ത സ്വ ഭ വ തിയ്യതി 04/06/2013 പ്രകാരം, സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് വസ്തു നികുതി നിർണ്ണയം നടത്താവുന്നതും,നടപടികൾ പൂർത്തീകരിച്ച് ഗുണമേൻമയുള്ള കടലാസിൽ അതിന്റെ പ്രിന്റൗട്ട് എടുത്ത് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടെ വസ്തു നികുതി അസസ്മെന്റ് രജിസ്റ്ററായി സൂക്ഷിക്കാവുന്നതുമാണ്.എന്നാൽ മേൽപ്പറഞ്ഞ രജിസ്റ്ററുകളൊന്നും സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിനു (13/18-19 തി 18.12.2019) ലഭിച്ച മറുപടിയോടൊപ്പം സമർപ്പിച്ച രജിസ്റ്ററുകൾ അപൂർണ്ണവും ഓഡിറ്റ് കാലയളവിലെ വിവരങ്ങളടങ്ങിയതല്ല. മാത്രമല്ല ഓഡിറ്റ് സമയത്ത് (18.12.2019 ന )തയ്യാറാക്കിയതുമാണ്

## 1-12 എസ്.സി / എസ്.ടി വിഭാഗങ്ങൾക്ക് പി വി സി ടാങ്ക് വിതരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി സെക്രട്ടറി

| ക്രമ നമ്പർ | പ്രൊജക്ട് നം | അടങ്കൽ | ചെലവ് | ബിൽ നമ്പർ തിയ്യതി |
|---|---|---|---|---|
| 1 | 32/19 | 147900 | 98,600 | 1) 73950 (8/18-19 തി 14.03.2019)<br>2) 24650/- തി 14.03.2019 |
| 2 | 38/19 | 191400 | 1,85,600 | 1) 130500/- (7/18-19 തി 14.03.2019)<br>2) 43500/-<br>3) 7150/-(9/18-19 തി26.03.2019)<br>4)2900/-<br>5) 1550/- |

2018-19 വാർഷിക പദ്ധതിയിൽ എസ്. സി / എസ്. ടി വിഭാഗങ്ങൾക്ക് പി വി സി ടാങ്ക് വിതരണം

ചെയ്യതു സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ പറയുന്നു

1) **പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല**

G O (P) No 177/2006 Fin Dt 12.04.2006, G O (P) No 119/2015 Fin Dt. 21.03.2015 എന്നിവ പ്രകാരം സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കോണ്ടതാണ്. എന്നാൽ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2) **ഗുണഭോക്തൃ ലിസ്റ്റ്**

പ്രൊജക്ട് നം 32/19 ന 52 പേരുടേയും പ്രൊജക്ട് നം 38/19 ന 92 പേരുടേയും ഗുണഭോക്തൃ ലിസ്റ്റാണുള്ളത്.ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം പി വി സി ടാങ്ക്നൽകിയവരുടെ പട്ടിക, ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) **വിതരണ രജിസ്റ്റർ /കൈപ്പറ്റ് രസീത് സൂക്ഷിച്ചിട്ടില്ല**

മേൽ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് പി വി സി ടാങ്ക് വിതരണം ചെയ്യതു സംബന്ധിച്ച സംബന്ധിച്ച വിവരങ്ങളടങ്ങിയ വിതരണ രജിസ്റ്ററോ, ഓരോരുത്തരും ടാങ്ക് കൈപ്പറ്റിയതിന്റെ രസീതും സൂക്ഷിച്ചിട്ടില്ല.

24.10.2018 ലെ പത്ര പരസ്യം വഴി ടെണ്ടർ നടപടി ക്രമങ്ങളിലൂടെ പി വി സി ടാങ്ക് വിതരണം ചെയ്യുന്നതിന ടെണ്ടർ ലഭിച്ച ആർട്കോ ലി. കോഴിക്കോട് എന്ന സ്ഥാപനം നല്കിയ ഗുണനിലവാരമില്ലാത്ത പി വി സി ടാങ്കുകൾ തിരിച്ചയയ്ക്കുന്നതായി അസി സെക്രട്ടറി മേൽ സ്ഥാപനത്തിന അയച്ച 21.02.2019 ലെ എ1/394/2018 നമ്പർ കത്തിൽ പറയുന്നു. എന്നാൽ പിന്നീട് ഗുണനിലവാരമുള്ള ടാങ്കുകൾ ലഭിച്ചതു സംബന്ധിച്ച രേഖകളൊന്നും ഫയലിൽ ഇല്ലാത്തത് ടാങ്ക് കൈപ്പറ്റിയതിന്റെ രസീത് സൂക്ഷിക്കാത്തതിന്റെ ഗൗരവം വർദ്ധിപ്പിക്കുനനു.

4) **ടാങ്കിന്റെ വാറന്റി/ ഗ്യാരന്റി രേഖകളില്ല**

പി വി സി ടാങ്കുകളുടെ ഗുണനിലവാരം സംബന്ധിച്ച രേകകളോ,ടാങ്കിന്റെ വാറന്റി/ ഗ്യാരന്റി രേഖകളോ ഫയലിൽ ഇല്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-13 സപ്ലൈ ഓഡർ പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭിച്ചിട്ടില്ല

പ്രോജക്റ്റിന്റെ പേര് – കിടപ്പ് രോഗികൾക്ക് പാലിയേറ്റീവ് പരിചരണം

പ്രോജക്റ്റ് നമ്പർ – 18/19

നിർവ്വഹണം– മെഡിക്കൽ ഓഫീസർ , പി എച്ച് സി

അടങ്കൽ തുക – 6,81,200/- (പൊതുവിഭാഗം സാധാരണ വിഹിതം)

ചെലവ് തുക – 3,60,110/-

(ബിൽ നമ്പർ 09/2018-19 തിയ്യതി 02.11.2018 )

മേൽ പ്രോജക്റ്റ് പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി 10.10.18 ലെ ഇൻവോയ്സ് നം.PRF 1631 പ്രകാരം KMSCL ന 3,00,000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ 66327/- രൂപയുടെ കൂടി ലഭിയ്ക്കാനുണ്ട്. മുഴുവൻ മരുന്നുകളും ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഒരു വർഷത്തോളമായിട്ടും മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ, നടപ്പു വർഷം മരുന്നിന് സപ്ളൈ ഓർഡർ നൽകുന്നതിന മുമ്പായി KMSCL ൽ നിന്നുള്ള മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്. ലഭിക്കാൻ ബാക്കി നിൽക്കുന്ന മരുന്നിന് ചെലവഴിച്ച തുക തടസ്സത്തിൽ വെയ്ക്കുന്നു. മരുന്ന് ലഭ്യമാക്കി വിവരം

അറിയിക്കേണ്ടതാണ്.

## 1-14 ഷോപ്പിംഗ് കോംപ്ലക്സ് റൂം ഫയൽ, രേഖകളുടെ സൂക്ഷിപ്പ് സംബന്ധിച്ച അപാകതകൾ

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ ഇന്ദിര w/o കേലൻ,ചക്കരമാക്കൽ വീട്,പി.ഒ മഞ്ഞക്കടവ്, കൂടരഞ്ഞി എന്ന വ്യക്തിയും പഞ്ചായത്തും തമ്മിലെ കേസ് സംബന്ധിച്ച ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. അഡ്വ.പി.സി.സേവ്യർ ,5/79,എരഞ്ഞിപാലം,കോഴിക്കോട് എന്നവരിൽ നിന്നും ലഭ്യമായ എ2/1731/18 നമ്പർ തപാൽ, 19.07.2018ന് ലഭ്യമായ എ2/2481/18,എ2/2483/18,എ2/2484/18 എന്നീ തപാലുകളിൽ തുടർ നടപടികൾ സ്വീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ എ 2 സെക്ഷനിലെ പേഴ്സണൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3. ക്രമനമ്പർ 1ൽ സൂചിപ്പിച്ച തപാലുകൾ കാര്യാലയത്തിൽ ലഭ്യമായ ശേഷം നടന്ന 05.06.2018,07.07.2018,08.08.2018എന്നീ തീയ്യതികളിലെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ ഇത് സംബന്ധിച്ച ചർച്ചകളോ തീരുമാനങ്ങളോ നടന്നതായി കാണുന്നില്ല.

4. 29.06.2018ന് നടന്ന ഭരണസമിതി യോഗത്തിൽ 13ം നമ്പർ അജണ്ട പ്രകാരം 14/507,14/508,14/509 എന്നീ കെട്ടിടങ്ങൾ അനധികൃത കൈവശക്കാരിൽ നിന്നും ഒഴിപ്പിച്ച് പുനർലേലംചെയ്യുന്നതിനും മറ്റുമായി സെക്രട്ടറിയെ ചുമതലപെടുത്തിയതായി കാണുന്നു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൈകൊണ്ട നടപടികൾ എന്തൊക്കെയാണ് എന്ന് ഫയലിൽ ലഭ്യമല്ല. അപാകത സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്, സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാമെന്ന് മറുപടി നല്കി.

കേസ് സംബന്ധിച്ച രേഖകളുടെ സൂക്ഷിപ്പ് കുറ്റമറ്റതാക്കേണ്ടതാണ്.

## 1-15 അങ്കണവാടി വർക്കർ, ഹെൽപർ അധിക ഹോണറേറിയം - 2018 മാർച്ച് മാസത്തെ തുക നല്കിയതിൽ അവ്യക്തത

പ്രൊജ. നം. 7/2019

വകയിരുത്തൽ - 439900/-

ചെലവ് - 428616/-

ഗ്രാമപഞ്ചായത്തിലെ ആകെ 19 അംഗണവാടികളിലെ വർക്കർമാർ, ഹെൽപർമാർ എന്നിവർക്കുള്ള അധിക ഹോണറേറിയം ഹാജരായ ദിവസത്തിനനുസരിച്ച് താൽക്കാലികക്കാർക്കും സ്ഥിരം ജീവനക്കാർക്കുമായി നല്കിയ വകയിൽ പ്രൊജക്ട് പ്രകാരം ആകെ 428616 രൂപ വികസന ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. 19 സെന്ററിലെയും വർക്കർമാർക്ക് 1000/- രൂ. നിരക്കിൽ 4/2018 മാസം മുതൽ 3/2018 മാസം വരെ തുക നല്കിയിട്ടുണ്ട് . 7 സെന്ററുകളിലെ ഹെൽപ്പർമാർക്കും ഇതേ കാലയളവിലെ അധിക ഹോണറേറിയം കണക്കാക്കി നല്കിയിട്ടുണ്ട്. ചെലവു വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ട്രഷറി ബിൽ നം. | ചെലവു തുക | അഭിപ്രായം |
|---|---|---|---|
| 1. | 4/22.6.2018 | 226000 | 19സെന്ററുകളിലെ വർക്കർമാർക്കുള്ള അധിക ഹോണറേറിയം 4/2017 മുതൽ 3/2018 വരെയുള്ള 12 മാസക്കാലത്തെ തുക ആകെ |

| | | | |
|---|---|---|---|
| 2. | 5/27.6.2018 | 2000 | 228000/- രൂപ (19x12x1000) |
| 3. | 6/27.6.2018 | 74648 | നം. 61,62,63,64,66,68,71 എന്നീ 7സെന്ററുകളിലെ ഹെൽപർമാർക്കുള്ള അധിക ഹോണറേറിയം 4/2017 മുതൽ 3/2018 വരെയുള്ള 12 മാസക്കാലത്തെ തുക ആകെ 74648/- രൂപ ( ദിവസക്കണക്കിൽ താല്ക്കാലികമായി ജോലി ചെയ്തവർക്കുള്ള തുകയടക്കം കണക്കാക്കിയ ലിസ്റ്റ് പ്രകാരം) |
| 4. | 12/19.9.2018 | 74589 | ബാക്കി 12 സെന്ററുകളിലെ ഹെൽപർമാരുടെ 4/2017 മുതൽ 2/2018 വരെയുള്ള കാലത്തെ അധിക ഹോണറേറിയം ആകെ 125968/- ( ദിവസക്കണക്കിൽ താല്ക്കാലികമായി ജോലി ചെയ്തവർക്കുള്ള തുകയടക്കം കണക്കാക്കിയ ലിസ്റ്റ് പ്രകാരം) |
| 5. | 16/24.9.2018 | 28546 | |
| 6. | 17/27.9.2018 | 22833 | |
| | ആകെ | 428616 | |

മേൽ ചേർത്ത പ്രകാരം 12 സെന്ററുകളിലെ ഹെൽപ്പർമാർക്ക് 3/2018 ലെ അധിക വേതനം ഗ്രാമ പഞ്ചായത്തിൽ നിന്ന് നല്കിയിട്ടില്ല. 2018-19 വർഷം രണ്ട് ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ വ്യത്യസ്ഥകാലയളവിൽ നിർവ്വഹണോദ്യോഗസ്ഥരായി ജോലിചെയ്തതിൽ, നിലവിലുള്ള സൂപ്പർവൈസറാണ് ക്രമ നം. 4,5,6 പ്രകാരം 4/2017 മുതൽ 2/2018 വരെയുള്ള തുക നല്കിയത്. 19 സെന്ററുകളിലെയും എല്ലാ വർക്കർമാർക്കും ഹെൽപ്പർമാർക്കും ഒരേ കാലയളവിൽ തുക അനുവദിക്കാത്തത് സംബന്ധിച്ച് അന്വേഷിച്ചതിൽ 3/2018 മുതൽ വനിതാ ശിശു വികസന വകുപ്പിൽ നിന്ന് തുക അനുവദിക്കുമെന്നതിനാലാണ് 4/2017 മുതൽ 2/2018 വരെ മാത്രം തുക നല്കിയതെന്ന് സൂപ്പർവൈസർ വാക്കാൽ വിശദീകരിക്കുകയുണ്ടായി. ആയത് പ്രകാരമാണെങ്കിൽ, ക്രമ നം. 1,2,3 പ്രകാരം 3/2018 ൽ നല്കിയത് അധിക തുകയാകും. 1.4.2017 മുതൽ അങ്കണവാടി വർക്കർ/ഹെൽപ്പർ അധിക ഹോണറേറിയത്തിൽ 15.3.2018ന് മുമ്പ് കുടിശ്ശികയുണ്ടെങ്കിൽ ആയത് ഉൾപ്പെടെ മാറി നല്കേണ്ടതാണെന്നും തുക മാറി നല്കുന്ന പഞ്ചായത്തുകളുടെ വിവരം അറിയിക്കേണ്ടതാണെന്നും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 9.3.2018 ലെ ബി6/6286/17 നം. സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം, 3/18 മാസം വനിതാ ശിശു വികസന വകുപ്പിൽ നിന്ന് പൂർണമായോ ഭാഗികമായോ അധിക ഹോണറേറിയം നല്കിയിട്ടില്ലെന്ന് ഉറപ്പാക്കേണ്ടതാണ്. അല്ലാത്ത പക്ഷം, ക്രമ നം. 1 പ്രകാരം 3/2018 മാസത്തേക്ക് നല്കിയ 19000(19x1000) + ക്രമ നം. 2 പ്രകാരം നല്കിയ 7000(7x1000) അടക്കം ആകെ 26000 രൂപ അധികം നല്കിയതായി കണക്കാക്കി സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.അപാകത സംബന്ധിച്ച് നല്കിയ 20ാം നം. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 26000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-16 മരാമത്ത് പ്രൊജക്ടുകൾ - ആസൂത്രണ - നിർവ്വഹണത്തിലെ അപാകതകൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായി 29.1.2018 ലെ നമ്പർ 11/2018/ത.സ്വ.ഭ.വ. ഉത്തരവിലൂടെ വിശദമായ

നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ട്. ഈ ഉത്തരവിലെ ഖണ്ഡിക 2.3 ൽ പദ്ധതി തയ്യാറാക്കേണ്ടതിന്റെ പൊതുവ്യവസ്ഥകൾ വിവരിക്കുന്നു. ഇതിൽ നിർദ്ദേശം 6,7 എന്നിവയിൽ, തദ്ദേശ സ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാരേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും, വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കണമെന്നും ഇതിൽ നിർദ്ദേശിക്കുന്നു. എന്നാൽ 2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ ഈ നിർദ്ദേശം പാലിക്കാൻ പഞ്ചായത്ത് യാതൊരു ശ്രമവും നടത്തിയിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

- അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2018-19 വർഷത്തിൽ 147 പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇവയിൽ 71 എണ്ണവും 250000/- രൂപയോ അതിൽ കുറവോ അടങ്കൽ വരുന്നവയാണ്. തൻവർഷം നടപ്പാക്കിയ വിവിധ അംഗൻവാടികളുടെ അറ്റകുറ്റ പണികളും, കൂട്ടിച്ചേർക്കലുകളും ഉൾപ്പെടുന്ന പ്രവൃത്തികൾ പരിശോധിച്ചതിൽ ഒരു അംഗൻവാടിയുടെ പ്രവൃത്തി പൂർത്തിയാക്കാൻ തന്നെ രണ്ടോ അതിലധികമോ പ്രൊജക്ടുകൾ ഏറ്റെടുത്തതായി കാണാം. വിവിധ അങ്കണവാടികളും അവയുടെ വിവിധ പ്രവൃത്തികൾക്കായി 2018-19, 2019-20 വർഷങ്ങളിലുമായി നടപ്പാക്കിയതും/ നടപ്പാനിരിക്കുന്നതുമായ (സ്പിൽ ഓവർ ഉൾപ്പെടെ)പദ്ധതികളുടെ വിശദാംശങ്ങളും ചുവടെ കൊടുക്കുന്നു.

| ക്രമ നം | അംഗൻവാടിയുടെ പേര് | പ്രോജക്ടിന്റെ വിശദാംശം | വിഭാവനം ചെയ്ത വർഷം | അടങ്കൽ |
|---|---|---|---|---|
| 1 | മുതുവമ്പായി അംഗൻവാടി | മുതുവമ്പായി അംഗൻവാടി റിപ്പയർ,108/19 | 2018-19 | 100000 |
| | | മുതുവമ്പായി അംഗൻവാടി പുനരുദ്ധാരണം,161/19 | 2017-18 | 100000 |
| | | മുതുവമ്പായി അംഗൻവാടിഹാൾ നിർമ്മാണം, 167/19 | 2017-18 | 250000 |
| 2 | പനച്ചിക്കൽ അംഗൻവാടി | പനച്ചിക്കൽ അംഗൻവാടി, 160/19 | 2017-18 | 15000 |
| | | പനച്ചിക്കൽ അംഗൻവാടി പുനരുദ്ധാരണം, 204/19 | 2017-18 | 99442 |
| | | പനച്ചിക്കൽ അംഗൻവാടി റിപ്പയർ, 112/19 | 2018-19 | 185000 |

| | | | | |
|---|---|---|---|---|
| | | പനച്ചിക്കൽ അംഗൻവാടി റൂഫിംഗ്,122/20 | 2019-20 | 150000 |
| 3 | ഒറ്റപ്പ്ലാവ് അംഗൻവാടി | ഒറ്റപ്പ്ലാവ് അംഗൻവാടി റിപ്പയർ, 114/19 | 2018-19 | 120000 |
| | | ഒറ്റപ്പ്ലാവ് അംഗൻവാടി,164/19 | 2017-18 | 80000 |
| | | ഒറ്റപ്പ്ലാവ് അംഗൻവാടി പരിഷ്കരണം,92/20 | 2019-20 | 100000 |
| 4 | താഴെ കൂടരഞ്ഞി അംഗൻവാടി | താഴെ കൂടരഞ്ഞി അംഗൻവാടി, 162/19 | 2017-18 | 15624 |
| | | താഴെ കൂടരഞ്ഞി അംഗൻവാടി ചുറ്റുമതിൽ,175/19 | 2017-18 | 100000 |
| | | താഴെ കൂടരഞ്ഞി അംഗൻവാടി പരിഷ്കരണം,120/20 | 2019-20 | 250000 |
| 5 | കുമ്പാറ അംഗൻവാടി | കുമ്പാറ അംഗൻവാടിയ്ക്ക് ഹാൾ നിർമ്മാണം,94/19 | 2018-19 | 427000 |
| | | കുമ്പാറ അംഗൻവാടി ചുറ്റുമതിൽ,165/19 | 2017-18 | 150000 |
| 6 | കള്ളിപ്പാറ അംഗൻവാടി | കള്ളിപ്പാറ അംഗൻവാടി ഹാൾ നിർമ്മാണം,95/19 | 2018-19 | 165000 |
| | | കള്ളിപ്പാറ അംഗൻവാടി പുനരുദ്ധാരണം,181/19 | 2017-18 | 139741 |

| | | | | |
|---|---|---|---|---|
| 7 | കൂട്ടക്കര അംഗൻവാടി | കൂട്ടക്കര അംഗൻവാടി റിപ്പയർ,92/19 | 2018-19 | 150000 |
| | | കൂട്ടക്കര അംഗൻവാടി ചുറ്റുമതിൽ,188/19 | 2017-18 | 300000 |
| 8 | കല്ലൂർ അംഗൻവാടി | കല്ലൂർ അംഗൻവാടി റിപ്പയർ,157/19 | 2018-19 | 100000 |
| | | കല്ലൂർ അംഗൻവാടി മേല്ക്കൂര, 166/19 | 2017-18 | 307000 |

മുകളിൽ വിവരിച്ച രീതിയിൽ ഒരു അംഗൻവാടിയ്ക്ക് ആവശ്യമായ അറ്റകുറ്റപണികൾ എന്തൊക്കെയാണെന്ന് തിട്ടപ്പെടുത്തി, അവ പൂർണ്ണമായി ഉൾപ്പെടും വിധം ഒറ്റ പദ്ധതി രൂപീകരിക്കാതെ ഇവ വിവിധ വർഷങ്ങളിലായി ഭാഗികമായി ചെയ്യുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. പഞ്ചായത്തിലെ വിവിധ വിഭാഗം ജീവനക്കാരുടെ ,പ്രത്യേകിച്ച് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ജോലി ഭാരം കൂടുന്നതിനു കാരണമാകുന്നതിനു പുറമെ ഈ രീതിയിൽ പദ്ധതികളുടെ ബാഹുല്യം ഇവയുടെ സമയബന്ധിതമായ പൂർത്തീകരണത്തിനും വിലങ്ങുതടിയാകും. 2018-19 വർഷത്തിൽ 75 ലക്ഷത്തോളം വരുന്ന പ്രവൃത്തികൾക്ക് തുക നൽകാൻ കഴിയാത്ത അവസ്ഥയുണ്ടായത് മുൻവർഷങ്ങളിലെ പദ്ധതികൾക്ക് ഈ വർഷത്തിൽ തുക നൽകേണ്ടി വന്നതിനാലാണ്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ പദ്ധതികളുടെ എണ്ണം ഗണ്യമായി കുറവുവരുത്തേണ്ടതാണ്.

- മേൽ അംഗൻവാടികളുടെ പ്രവൃത്തികൾ പരിശോധിച്ചാൽ ഒരു അംഗൻവാടിയുടെ വ്യത്യസ്ത ജോലികൾ ഒരേ കരാറുകാരൻ തന്നെയാണ് ഏറ്റെടുത്തു നടത്തുന്നതെന്ന് കാണാം. ജി.എസ്.ടി. നിലവിൽ വന്നതിനു ശേഷം 250000 ത്തിനു മുകളിൽ പ്രവൃത്തിമൂല്യമുള്ള പ്രവൃത്തികൾക്ക് 2% ജി.എസ്.ടി. ബിൽ തുകയിൽ നിന്നും ഈടാക്കി അടവാക്കേണ്ടതുണ്ട്. മേൽ രീതിയിൽ ചെറിയ തുകയുള്ള വിവിധ പ്രവൃത്തികളാക്കുന്നതു മൂലം കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കും നികുതിയിനത്തിൽ ചോർച്ചയുണ്ടാവുന്നു.

- മുകളിൽ വിവരിച്ച രീതിയിൽ ചെറിയ അടങ്കലിനുള്ള പദ്ധതികളുടെ ടെണ്ടർ നടപടികൾ മാന്വൽ ടെണ്ടർ രീതിയിലാണ് നടത്തുന്നത്. 2017-18. 2018-19 വർഷങ്ങളിലെ ടെണ്ടർ രജിസ്റ്ററുകൾ പരിശോധിച്ചാൽ ഇത്തരം മാന്വൽ ടെണ്ടറുകൾക്ക് മത്സരാർത്ഥികളുടെ വേണ്ടത്ര പ്രാതിനിധ്യം ഇല്ലായെന്ന് കാണാം. പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾ, ആദ്യ ടെണ്ടറിൽ കരാറുകാർ പങ്കെടുക്കാതിരിക്കുകയും പിന്നീട് റീ-ടെണ്ടർ, ക്വട്ടേഷൻ എന്നിവയിലൂടെ കരാറുകാരെ കണ്ടെത്തേണ്ട അവസ്ഥയാണ് ചെറിയ അടങ്കലിലിള്ള ഇത്തരം പ്രവൃത്തികൾക്ക് വേണ്ടി വന്നിരിക്കുന്നത്. ടെണ്ടർ നടപടികളിൽ രണ്ടാളുകൾ പങ്കെടുത്തിട്ടുള്ളതിൽ കുറവു നിരക്ക് എസ്റ്റിമേറ്റ് നിരക്കായിരിക്കും. അതേ സമയം ഈ വർഷങ്ങളിൽ നടത്തിയിട്ടുള്ള ഇ – ടെണ്ടറുകളിൽ കൂടുതൽ മത്സരാർത്ഥികളും, മത്സരാധിഷ്ഠിത ക്വാട്ടിംഗും ഉണ്ടാകുന്നതായി കാണാം. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/പ്രോ.നം | പങ്കെടുത്ത മത്സരാർത്ഥികളുടെ എണ്ണം | ക്വാട്ട് ചെയ്ത നിരക്കുകൾ |
|---|---|---|---|

| | | | |
|---|---|---|---|
| 1. | കള്ളിപ്പാറ വയൽ റോഡ്, 73/19 | 5 | 21.87%, 21%, 16.8%, 12.2%, 6% കുറവ് നിരക്കുകൾ |
| 2. | മുല്ലോളി പറമ്പ് റോഡ്, 132/19 | 3 | 9.1%, 5.2%, 0.08% കുറവ് നിരക്കുകൾ |
| 3. | കാരാട്ടുപാറ മേൻമല എസ്.സി.കോളനി റോഡ്, 219/19 | 2 | 26.86%, 17.6% കുറവു നിരക്കുകൾ |
| 4. | പൂവാറാംതോട് കല്ലുംപുല്ല് എസ്.ടി.കോളനി തമ്പുരാൻകൊല്ലി റോഡ്, 177/19 | 2 | 14.17%, 10.87% കുറവു നിരക്കുകൾ |

മുകളിൽ കൊടുത്ത ഉദാഹരണങ്ങളിൽ നിന്നും വൻതുകയുള്ള പ്രവൃത്തികൾ ഏറ്റെടുക്കാനാണ് കരാറുകാർ കൂടുതൽ താല്പര്യം കാണിക്കുന്നതെന്ന് വ്യക്തമാണ്.

- **വിവിധ പ്രവൃത്തികൾക്ക് ഒരേ അടങ്കലും, എസ്റ്റിമേറ്റും, എസ്റ്റിമേറ്റ് റിപ്പോർട്ടും :-**

തൻവർഷം നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ വിവിധ വാർഡുകളിലായി നടത്തിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ പ്രത്യേകിച്ചും കോൺക്രീറ്റ് പ്രവൃത്തികളിൽ ഒരേ അടങ്കലിലും, എസ്റ്റിമേറ്റിലുമുള്ള പദ്ധതികൾ വിഭാവനം ചെയ്യുന്നതായി കാണുന്നു. ഈ പ്രവത്തികളെല്ലാം 100 മീറ്ററിൽ കുറഞ്ഞ നീളത്തിലാണ് ചെയ്യുന്നതെന്നും കാണാം. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര്/നം. | അടങ്കൽ | പ്രവൃത്തിയിനങ്ങൾ |
|---|---|---|---|
| 1 | കരിങ്കുറ്റിമല റോഡ്, 139/19 | 300000 | 3.5.2 – മണ്ണ് നീക്കൽ, 83x3x0.15 അളവിൽ<br>11.4.3.1 – കോൺക്രീറ്റ്, 83x3x0.15 അളവിൽ |
| 2 | ഉറുമി ബംഗ്ലാവ് റോഡ്, 141/19 | 300000 | 3.5.2 – മണ്ണ് നീക്കൽ, 83x3x0.15 അളവിൽ<br>11.4.3.1 - കോൺക്രീറ്റ് , 83x3x0.15 അളവിൽ |
| 3 | താഴെ കുളിരാമുട്ടി കാരക്കാട്ടുപടി ചെല്ലന്തറ റോഡ്, 147/19 | 300000 | 3.5.2 – മണ്ണ് നീക്കൽ, 83x3x0.15 അളവിൽ<br>11.4.3.1 - കോൺക്രീറ്റ് , 83x3x0.15 അളവിൽ |
| 4 | കരിശുമൂട്ടിൽ കോളനി റോഡ്, 148/10 | 300000 | 3.5.2 – മണ്ണ് നീക്കൽ, 83x3x0.15 അളവിൽ<br>11.4.3.1 - കോൺക്രീറ്റ് , 83x3x0.15 അളവിൽ |
| 5 | കുമ്പാറ മുണ്ടമല റോഡ്, 152/19 | 300000 | 3.5.1 – മണ്ണ് നീക്കൽ, 80x3x0.15 അളവിൽ |

| | | | |
|---|---|---|---|
| | | | 11.4.3.1 - കോൺക്രീറ്റ് , 80x3x0.15 അളവിൽ |
| 6 | പൂവാറാംതോട് ഉടുമ്പ് പാറ റോഡ്, 150/19 | 300000 | 3.5.1 – മണ്ണ് നീക്കൽ, 80x3x0.15 അളവിൽ<br>11.4.3.1 - കോൺക്രീറ്റ് , 80x3x0.15 അളവിൽ |

ഈ പ്രവൃത്തികൾക്കെല്ലാം ഒരേ എസ്റ്റിമേറ്റ് റിപ്പോർട്ടാണ് തയ്യാറാക്കിയിട്ടുള്ളതും. ഇതിൽ നിന്നും ഓരോ റോഡിന്റെയും യഥാർത്ഥ ആവശ്യകതയ്ക്കനുസരിച്ചല്ല പദ്ധതികൾ തയ്യാറാക്കുന്നതെന്നും, ഇത് വാർഡടിസ്ഥാനപ്പെടുത്തിയുള്ള സാമ്പത്തിക വിഭവത്തിന്റെ നേരിയ തോതിനുള്ള വിന്യാസമാണെന്നും വ്യക്തമാണ്.

മേൽ രീതിയിൽ പദ്ധതിയാസൂത്രണ നിർവ്വഹണത്തിൽ അപാകതകൾ സംഭവിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കും വിധം പദ്ധതിയാസൂത്രണ നിർവ്വഹണങ്ങൾ നടപ്പാക്കേണ്ടതാണ്. പഞ്ചായത്തിന്റെ സാമ്പത്തിക കാര്യങ്ങളിൽ നേരിട്ട് ഇടപെടേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും, പദ്ധതിയാസൂത്രണ നിർവ്വഹണത്തിൽ അതീവ ശ്രദ്ധചെലുത്തേണ്ട വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഇടപെടൽ വേണ്ടും വിധം ഇക്കാര്യത്തിലുണ്ടായിട്ടില്ല. വിഭവങ്ങളുടെ നേരിയതോതിലുള്ള വിന്യാസം ഒഴിവാക്കി മുഴുവൻ പ്രവൃത്തികളും ഉൾപ്പെടും വിധം പദ്ധതികൾ തയ്യാറാക്കേണ്ടതും, ഫണ്ടിന്റെ പരിമിതിയുള്ള സാഹചര്യത്തിൽ കൂടുതൽ പദ്ധതികൾ ബഹുവർഷ പദ്ധതികളായി വിഭാവനം ചെയ്യേണ്ടതുമാണ്.

## 1-17 സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തതിനാൽ സർക്കാർ ഫണ്ടുകൾ നഷ്ടപ്പെടുന്നു

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക പദ്ധതിയ്ക്ക് 05.04.2018 ലെ 53063/2018/DPC/DPO/KKD പ്രകാരവും, സ്പിൽഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തിയ വാർഷിക പദ്ധതിയ്ക്ക് 18.06.2018 ലെ ഇതേ നമ്പർ ഉത്തരവു പ്രകാരം പുതുക്കിയ അംഗീകാരവും ലഭിച്ചിട്ടുണ്ട്. വാർഷിക പദ്ധതിയിൽ സ്പിൽഓവർ പദ്ധതികളായി ഉൾപ്പെടുത്തിയ 54 എണ്ണത്തിൽ 46എണ്ണത്തിനും അധികവിഹിതം ലഭിക്കാൻ സാധ്യതയുള്ളവയാണ്(കാറ്റഗറി 1). തൻവർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ 147 പദ്ധതികളിൽ 53 എണ്ണം സ്പിൽഓവർ പദ്ധതികളാണ്. വർഷാവസാനം 118 പദ്ധതികളിൽ ചെലവു നടന്നതിൽ 50 സ്പിൽഓവർ പദ്ധതികളുമുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി വിഭാവനം ചെയ്ത പദ്ധതികളുടെ വിശദാംശം താഴെ ചേർക്കും പ്രകാരമാണ്.

| പ്രോജക്ട് | അടങ്കൽ | ചെലവ് | ആകെ ചെലവുമായുള്ള താരതമ്യപ്പെടുത്തൽ |
|---|---|---|---|
| പുതിയവ - 94 എണ്ണം | 29559918/- | 18756774/- | 63.81% |
| സ്പിൽഓവർ - 53എണ്ണം | 12280460/- | 10630764/- | 36.17 |
| ആകെ- 147എണ്ണം | 41840378 | 29387538/- | 70.2% |

മുകളിൽ വിവരിച്ച രീതിയിൽ എഞ്ചിനീയർ ചെലവാക്കിയ ആകെ തുകയുടെ 36% ചെലവ് മുൻവർഷ പദ്ധതികൾക്കാണെന്ന് വ്യക്തമാണ്. സ.ഉ.(അ) നം.119/2016/ധന തീയതി 21/03/2015

പ്രകാരം 2015-16 വർഷം മുതൽ പുതിയ ഫണ്ടിംഗ് രീതി നിലവിൽ വരികയും, ഇതു പ്രകാരം സാമ്പത്തിക വർഷം മാർച്ച് 31 നകം ചെലവഴിക്കാൻ കഴിയാത്ത പ്ലാൻഫണ്ട് തുകകൾ തിരിച്ച് സഞ്ചിത നിധിയിലേയ്ക്ക് എടുക്കപ്പെടുകയും, ഈ തുക മുൻവർഷത്തെ സ്പിൽഓവർ പദ്ധതികൾക്കായി തൊട്ടടുത്ത വർഷത്തെ ഫണ്ട് അലോട്ട്മെന്റിനൊപ്പം അനുവദിക്കുമെന്നും വിവരിക്കുന്നു. സ്പിൽഓവർ പദ്ധതികളുടെ ചെലവ് തൊട്ടടുത്തവർഷം മാർച്ച് 31 വരെ നടത്താമെന്നും മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകി കൊണ്ടുള്ള സർക്കാർ ഉത്തരവ് നമ്പർ 11/2018/ത.സ്വ.ഭ.വ., തിയ്യതി:29.01.2018 ലെ ഖണ്ഡിക 10 ൽ സ്പിൽഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തി വാർഷിക പദ്ധതി പുതുക്കേണ്ടതിന്റെ വിവരങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രോജക്ടുകളിൽ നടപ്പാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കാവുന്നതാണെന്നും, നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കണ്ടെത്തുന്ന പ്രോജക്ടുകളിൽ ഭേദഗതിയില്ലാത്തവ തദ്ദേശഭരണ സ്ഥാപനത്തിന്റെ തീരുമാന പ്രകാരം ഏപ്രിൽ ഒന്നു മുതൽ തുടർന്ന് നടപ്പാക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇവയുടെ നിർവ്വഹണം തുടരുന്നതിന് വെറ്റിംഗ് ഓഫീസറുടേയോ, ജില്ലാ ആസൂത്രണ സമിതിയുടേയോ അംഗീകാരം ആവശ്യമില്ലയെന്നും വ്യക്തമായി വിവരിക്കുന്നു.

പഞ്ചായത്തിൽ സ്പിൽ ഓവർ പ്രോജക്ടുകളായി കൊണ്ടുവന്ന പദ്ധതികളെല്ലാം മേൽ വിവരിച്ച രീതിയിൽ പ്രത്യേകം അംഗീകാരം ആവശ്യമില്ലാത്തവയാണ്. അതുകൊണ്ടു തന്നെ ഇവയുടെ നിർവ്വഹണം വർഷാരംഭം മുതൽ ആരംഭിക്കാവുന്നതാണ്. എന്നാൽ വിവിധ സ്പിൽ ഓവർ പ്രവർത്തികളുടെ നിർവ്വഹണ ഘട്ടങ്ങൾ പരിശോധിച്ചതിൽ ഭൂരിഭാഗം പ്രവൃത്തികളുടേയും തുക നൽകൽ സാമ്പത്തിക വർഷത്തിന്റെ രണ്ടാം പകുതിയിലാണ് നടന്നതെന്ന് കാണാം. പല പ്രോജക്ടുകളുടേയും ബിൽ തുക നൽകൽ 2019 ജനവരി മാസത്തിലാണ് നടന്നിരിക്കുന്നത്. പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിലുള്ള വീഴ്ചയാണ് ഇതു സൂചിപ്പിക്കുന്നത്.

ഗ്രാമപഞ്ചായത്തിന്റെ തൻവർഷ വാർഷിക പദ്ധതിയിൽ സ്പിൽഓവർ പദ്ധതികളായി ഉൾപ്പെടുത്തിയവക്കെല്ലാം അധികവിഹിതം ലഭിക്കാൻ സാധ്യതയുണ്ടായിരുന്നു.(കാറ്റഗറി 1 പദ്ധതികൾ). 100% വികസനഫണ്ട് വിനിയോഗിച്ച്, സ്പിൽഓവർ പദ്ധതികൾക്കുള്ള അധികവിഹിതം ആവശ്യപ്പെട്ട പല സ്ഥാപനങ്ങൾക്കും മുൻവർഷങ്ങളിൽ സർക്കാർ തുക അനുവദിച്ചിട്ടുണ്ട്(സ.ഉ.(സാധാ) നം. 3088/2018/ധന. , തീയതി, 31.03.2018). പൊതുമരാമത്ത് പദ്ധതികളുടെ ആകെ ചെലവിന്റെ 36% ഉം സ്പിൽഓവർ പദ്ധതികൾക്കായി ചെലവഴിച്ച സാഹചര്യത്തിലും, സർക്കാരിൽ നിന്നും അധികവിഹിത ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമപഞ്ചായത്ത് എടുത്തതായി കാണുന്നില്ല. 2018-19 വർഷാവസാനം എഞ്ചിനീയർ നടപ്പാക്കിയ പല പുതിയ പ്രോജക്ടുകൾക്കും തുക നൽകാൻ ഫണ്ടില്ലാത്ത അവസ്ഥയുണ്ടായി. എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമായ കണക്കനുസരിച്ച് ഈ തുക 29 പ്രോജക്ടുകൾക്കായി ആകെ 74,82,094/- രൂപയാണ്. ഈ പദ്ധതികൾക്കുള്ള തുക ഇനി 2019-20 വർഷത്തെ ഫണ്ടിൽ നിന്നും കണ്ടെത്തണം.

പദ്ധതി പ്രവർത്തനങ്ങൾ യഥാസമയം നിർവ്വഹിക്കാത്തതു മൂലം ഇത്തരത്തിൽ വൻതുകയാണ് പഞ്ചായത്തിന് നഷ്ടപ്പെടുന്നത്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 കോസ്റ്റ് ഇൻഡക്സിലുണ്ടായ മാറ്റം കണക്കിലെടുക്കാതെ പ്രവർത്തികൾ നടപ്പാക്കി-ഗ്രാമപഞ്ചായത്തിന് അധിക ചെലവ്

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷത്തിൽ നടപ്പാക്കിയ സ്പിൽ ഓവർ പ്രവർത്തികളിൽ തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുകയും, പ്രവർത്തികൾ നിർവ്വഹണം നടത്തുകയും ചെയ്തിരിക്കുന്നു. പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 തിയ്യതിയിലെ CE/Admn/PLA/EMP/1014(a)/05 ഉത്തരവ് പ്രകാരം

1.10.2017 മുതൽ കോഴിക്കോടിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം ആയി പുനർ നിർണയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ പ്രോജക്ടുകളിൽ ചിലതിൽ പഴയ നിരക്കായ 42.16 ശതമാനം കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് നടപ്പാക്കിയത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ, പേര്,അടങ്കൽ, ഫണ്ടിനം | കരാറുകാരൻ എഗ്രിമെന്റ് നമ്പർ/ തിയ്യതി | ആകെ ചെലവ് | ബിൽ നം തീയതി |
|---|---|---|---|---|
| 1 | പൂവാറാംതോട് കല്ലംപുല്ല് ST കോളനി തമ്പുരാൻകോല്ലി റോഡ്, പ്രോ.നം.177/19<br>അടങ്കൽ:7,98,243/-സംരക്ഷണഗ്രാന്റ് റോഡ് | ശ്രീ.ആക്കോൽ സണ്ണി<br>27/17-18, 20.1.18 | 796965/- | 5/18-19 /23.7.18 |
| 2 | ബദാംചുവട് പുന്നക്കടവ് റോഡ്,<br>പ്രോ.നം.191/19<br>അടങ്കൽ :500000/- ധനകാര്യകമ്മീഷൻഗ്രാന്റ് | ശ്രീ.ആക്കോൽ സണ്ണി<br>67/17-18, 26.3.18 | 499300/- | 11/18-19 /1.8.18 |
| 3 | പെരുമ്പൂള ചുള്ളിയകം അകമ്പുഴ റോഡ്, പ്രോ.നം.193/19<br>അടങ്കൽ: 40000/-തനതുഫണ്ട് | ശ്രീ.ടി.വി.സെബാസ്റ്റ്യൻ<br>13/17-18/14.12.17 | 16,514/- | |
| 4 | കൂമ്പാറ എൽ.പി.സ്കൂൾ മുതൽ ചെന്തട്ടപ്പടി റോഡ്,<br>പ്രോ.നം.197/19,<br>അടങ്കൽ: 30000/-തനതുഫണ്ട് | ശ്രീ.ജോൺ.പി.യു<br>34/17-18,22.1.18 | 28630/- | |
| 5 | കൂമ്പാറ പുളിന്താനംപടി മുണ്ടൻമല റോഡ്,<br>പ്രോ.നം.173/19,<br>അടങ്കൽ:200000/-ധനകാര്യകമ്മീഷൻഗ്രാന്റ് | ശ്രീ.മോഹനൻ കവയിക്കൽ<br>52/17-18/8.3.18 | 189479/- | 14/18-19 /1.8.18 |

| | | | | |
|---|---|---|---|---|
| 6 | താന്നിക്കുന്ന് പുളിഞ്ചോട് റോഡ്, പ്രോ.നം.180/19,<br>അടങ്കൽ: 301000/-ധനകാര്യകമ്മീഷൻഗ്രാന്റ് | ശ്രീ.ആക്കോൽ സണ്ണി<br>65/17-18, 26.3.18 | 299000/- | 16/18-19 /1.8.18 |
| 7 | കുട്ടക്കര വീട്ടിപ്പാറ റോഡ്, പ്രോ.നം.194/19,<br>അടങ്കൽ: 500000/-ധനകാര്യകമ്മീഷൻഗ്രാന്റ് | ശ്രീ.ആക്കോൽ സണ്ണി<br>69/17-18, 26.3.18 | 496380/- | 13/18-19 /1.8.18 |
| 8 | കുമ്പാറ സബ്സെന്റർ<br>പ്രോ.നം.172/19,<br>അടങ്കൽ: 150000/-സംരക്ഷണഗ്രാന്റ് റോഡിതരം | ശ്രീ.ജോർജ്ജ് പുളിമൂട്ടിൽ<br>28/17-18/22.1.18 | 136610/- | 7/18-19 /23.7.18 |
| 9 | മേലേ കുമ്പാറ അംഗൻവാടി അറ്റകുറ്റപണി, പ്രോ.നം.183/19,<br>അടങ്കൽ: 200000/-<br>സംരക്ഷണഗ്രാന്റ് റോഡിതരം | ശ്രീ.സീനോ ജോസഫ്<br>41/17-18/22.1.18 | 152206/- | 6/18-19 /23.7.18 |
| 10 | കാരാട്ടുപാറ അംഗൻവാടി പുനരുദ്ധാരണം, പ്രോ.നം.168/19,<br>അടങ്കൽ: 250000/-<br>സംരക്ഷണഗ്രാന്റ് റോഡിതരം | ശ്രീ.മോഹനൻ കവയിക്കൽ<br>42/17-18/22.1.18 | 163511/- | 8/18-19 /23/718 |
| 11 | താഴെ കുടരഞ്ഞി അംഗൻവാടി ചുറ്റുമതിൽ, പ്രോ.നം.175/19,<br>അടങ്കൽ: 100000/-<br>സംരക്ഷണഗ്രാന്റ് റോഡിതരം | ശ്രീ.ജോർജ്ജ് പുളിമൂട്ടിൽ<br>32/17-18/22.1.18 | 61528/- | 22/18-19 /31.8.18 |

| | | | | |
|---|---|---|---|---|
| | | | | |
| 12 | കാരാട്ടുപാറ മേൻമല എസ്.സി.കേളനി റോഡ്, പ്രോ.നം.198/19,<br>അടങ്കൽ: 600198/- സംരക്ഷണഗ്രാന്റ് റോഡ് | ശ്രീ.ആക്കോൽ സണ്ണി<br>71/17-18, 26.3.18 | 437577/- | 43/18-19 /30.11.18 |
| 13 | താഴെകക്കാട് അംഗൻവാടി പുമരുദ്ധാരണം, പ്രോ.നം.169/19,<br>അടങ്കൽ: 70000/-ധനകാര്യകമ്മീഷൻഗ്രാന്റ്<br>250000/-സംരക്ഷണഗ്രാന്റ് റോഡിതരം | ശ്രീ.സീനോ ജോസഫ്<br>50/17-18/8.3.18 | 70000/-<br>169643/- | 62/18-19 /4.1.19<br>63/18-19 /4/1/19 |
| 14 | മുഇമ്പായിവയൽ റോഡ്, പ്രോ.നം.170/19,<br>അടങ്കൽ: 297000/- സംരക്ഷണഗ്രാന്റ് റോഡ് | ശ്രീ.ജോൺ.പി.യു<br>48/17-18,8.3.18 | 262350/- | 41/18-19 /30.11.18 |
| 15 | പട്ടോത്ത്പള്ളി റോഡ്, പ്രോ.നം.171/19,<br>അടങ്കൽ: 297000/- സംരക്ഷണഗ്രാന്റ് റോഡ് | ശ്രീ.ജോൺ.പി.യു<br>49/17-18, 8.3.18 | 265320/- | 42/18-19 /30.11.18 |
| 16 | കോലോത്തുംകടവ് അമ്പലകുന്ന് നടപ്പാത, പ്രോ.നം.196/19,<br>അടങ്കൽ: 100000/- ധനകാര്യകമ്മീഷൻഗ്രാന്റ് | ശ്രീ.സീനോ ജോസഫ്<br>56/17-18/8.3.18 | 54636/- | 66/18-19 /4.1.19 |
| 17 | പി.എച്ച്.സി.നവീകരണം,<br>പ്രോ.നം.182/19,<br>അടങ്കൽ: 553893/-സംരക്ഷണഗ്രാന്റ്<br>റോഡിതരം | ശ്രീ.ജോർജ്ജ് പുളിമൂട്ടിൽ<br>57/17-18/20.3.18 | 545706/- | 57/18-19 /4.1.19 |

| | | | | |
|---|---|---|---|---|
| 18 | കുളിരാമുട്ടി അംഗൻവാടി പൂർത്തീകരം, പ്രോ.നം.179/19,<br>അടങ്കൽ: 300000/-സംരക്ഷണഗ്രാന്റ് റോഡിതരം<br>100000/-ധനകാര്യകമ്മീഷൻഗ്രാന്റ് | ശ്രീ.സീനോ ജോസഫ്<br>53/17-18/8.3.18 | 39470/-<br>300000/- | 68/18-19 /4.1.19<br>69/18-19 /4.1.19 |
| 19 | തമ്പുരാൻകൊല്ലി കാക്കച്ചിപ്പള്ളി റഗുലേറ്റർ ബ്രിഡ്ജ് അപ്രോച്ച്,<br>പ്രോ.നം.176/19,<br>അടങ്കൽ: 100000/-<br>സംരക്ഷണഗ്രാന്റ് റോഡിതരം | ശ്രീ.സീനോ ജോസഫ്<br>64/17-18/26.3.18 | 82000/- | 64/18-19 /4.1.19 |
| 20 | കള്ളിപ്പാറ അംഗൻവാടി പൂർത്തീകരണം, പ്രോ.നം.181/19,<br>അടങ്കൽ: 100000/-<br>സംരക്ഷണഗ്രാന്റ് റോഡിതരം<br>39741/-ധനകാര്യകമ്മീഷൻഗ്രാന്റ് | ശ്രീ.ടി.വി.സെബാസ്റ്റ്യൻ<br>54/17-18/8.3.17 | 27783/-<br>100000/- | 61/18-19 /4.1.19<br>60/18-19 /4/.1.19 |
| 21 | മുല്ലോളിപറമ്പ് റോഡ്, പ്രോ.നം.132/19,<br>അടങ്കൽ: 647442/-സംരക്ഷണഗ്രാന്റ് റോഡ് | ശ്രീ.ശരത്<br>43/17-18/20.2.18 | 647441/- | 1/18-19 /30.5.18 |

മേൽ പ്രവൃത്തികളുടെ പലതിന്റേയും ആദ്യ പാർട്ട് ബിൽ 2017-18 വർഷത്തിൽ നൽകിയിട്ടുള്ളതാണ്. പ്രസ്തുത ബില്ലുകളിലും ഈ വിധത്തിൽ അധിക നിരക്കാണ് ഉൾപ്പെട്ടിട്ടുള്ളത്. പഴയ കോസ്റ്റ് ഇൻഡക്സ് നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിൽ സാങ്കേതികാനുമതി വാങ്ങിയ പ്രവൃത്തികളാണെങ്കിലും, പ്രവർത്തി ഏല്പിച്ചുകൊടുക്കുന്നത് മേൽ ഉത്തരവിന്റെ പ്രാബല്യതീയതി കഴിഞ്ഞാണെന്നതിനാൽ കോസ്റ്റ് ഇൻഡെക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ കുറവ്

വരുത്തണമായിരുന്നു. മേൽ പറഞ്ഞ എല്ലാ പ്രവൃത്തികൾക്കും കരാർ വച്ചത് ഈ ഉത്തരവ് നിലവിൽ വന്ന ശേഷമാണെന്ന് കാണാം. കോസ്റ്റ് ഇൻഡക്സിലുണ്ടായ കുറവ് കണക്കാക്കാതെ പ്രവർത്തികൾ ചെയ്തതിനാൽ കോസ്റ്റ് ഇൻഡെക്സ് ഇനത്തിൽ 4.91 ശതമാനത്തിന്റെ ആധിക്യം ഉണ്ടാകുകയും(മാർക്കറ്റ് വില ഉൾപ്പെടുത്തിയ ഇനങ്ങൾക്ക് ബാധകമല്ല) അത്രയും തുകയുടെ അധികച്ചെലവ് സ്ഥാപനത്തിനുണ്ടാകുകയും ചെയ്തിട്ടുണ്ട്. കോസ്റ്റ് ഇൻഡക്സിലുണ്ടായ മാറ്റം കണക്കിലെടുക്കാതെ പ്രവർത്തികൾ നടപ്പാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല. മേൽ രീതിയിൽ അധികം നൽകിയ തുക കരാറുകാരിൽ നിന്ന് തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 പൂവാറൻതോട് കല്ലംപള്ളി എസ്.ടി .കോളനി തമ്പുരാൻകൊല്ലി റോഡ് - പദ്ധതി നിർവ്വഹണത്തിലെ അപാകത

നിർവ്വഹണം : അസി.എഞ്ചിനീയർ

അടങ്കൽ : 798243/- സംരക്ഷണഗ്രാന്റ് റോഡ്

ചെലവ് : 796965/- ബിൽ നം.5/2018-19/23.7.18

2017-18 വർഷത്തിൽ 930259/- രൂപ അടങ്കലിൽ വിഭാവനം ചെയ്ത മേൽ പദ്ധതിയ്ക്ക് 14.8.2017 ന് ഭരണാനുമതിയും, 25.10.2017 ന് നമ്പർ 588 പ്രകാരം അസി.എക്സി.എഞ്ചിനീയറുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ 930000/- രൂപ ഡിറ്റേയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ഇ-ടെണ്ടർ നടത്തി 14.17% കുറവ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.സണ്ണി ആക്കേലിന്റെ ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിച്ച (എഗ്രിമെന്റ് നം.27/17-18/dt.20.1.2018).

എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിലവിലെ റോഡ് ഗതാഗതയോഗ്യമല്ലെന്നും, കുത്തനെയുള്ള കയറ്റമായതിനാൽ റോളർ ഉപയോഗിച്ച് പ്രവർത്തി നടത്താൻ സാധിക്കില്ലെന്നും, ആയതിനാൽ കോൺക്രീറ്റ് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നും വിവരിച്ചിട്ടുണ്ട്. തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഡോസർ ഉപയോഗിച്ച് 250 മീറ്റിലെ മണ്ണ് 15 സെ.മീ. കനത്തിൽ നീക്കം ചെയ്യാനും(ഐറ്റം നം.3.5.2), അതേ കനത്തിൽ കോൺക്രീറ്റ് (ഐറ്റം നം. 11.4.3.1)ചെയ്യാനുമാണ് വിഭാവനം ചെയ്തത്. പിന്നീട് ഈ എസ്റ്റിമേറ്റ് പുതുക്കുന്നതിന് ഭരണസമിതി അംഗീകാരം നൽകുകയും, 2018 ഫെബ്രുവരി മാസത്തിൽ എസ്റ്റിമേറ്റ് പുതുക്കുകയും ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിവരിക്കുന്നത് മലവെള്ളപ്പാച്ചിലിൽ മേൽമണ്ണ് കുത്തിയൊഴുകിപ്പോയതിനാൽ അടിയിലുള്ള പാറകല്ലുകൾ പൊന്തി നിൽക്കുന്ന അവസ്ഥയാണുള്ളതെന്നും, അതിനാൽ മണ്ണ് ഫിൽ ചെയ്ത് അതിന് മുകളിൽ 10 സെ.മീ. കനത്തിൽ ഗ്രാനുലാർ സബ് ബേസ് നൽകി ഉറപ്പിച്ച ശേഷം മുകളിൽ കോൺക്രീറ്റ് ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്നാണ്. ഇതു പ്രകാരം ആദ്യത്തെ എസ്റ്റിമേറ്റിലെ മണ്ണ് നീക്കുന്ന ഐറ്റം ഒഴിവാക്കി, റോഡിന്റെ നീളം കുറവു വരുത്തി, 198 മീറ്ററിൽ സബ് ഗ്രേഡ് ഒരുക്കി, അതിനു മുകളിൽ അതേ നീളത്തിൽ ഗ്രാനുലാർ സബ് ബേസ് നൽകുകയും, അതിനു മുകളിൽ കോൺക്രീറ്റ് പ്രവർത്തി നടത്തുന്ന രീതിയിൽ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, പ്രവർത്തി നടത്തി തുക അനുവദിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെ ചേർക്കുന്ന അപാകതകൾ ഓഡിറ്റ് വിലയിരുത്തുന്നു.

- 2012 ലെ പുതുക്കിയ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 1601.1.2 പ്രകാരം ഒരു പ്രവൃത്തിയ്ക്കായി ഡിറ്റേയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന സ്ഥലം വിശദമായി പരിശോധിച്ച വേണം എസ്റ്റിമേറ്റ് തയ്യാറാക്കാൻ. ഈ പ്രവൃത്തിയുടെ കാര്യത്തിൽ സൈറ്റ് പരിശോധിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാണ്. 2017 ഒക്ടോബർ മാസത്തിൽ അംഗീകാരം ലഭിച്ച്, ടെണ്ടർ നടപടി നടത്തി 2018 ജനുവരി മാസത്തിൽ എഗ്രിമെന്റ് വെച്ചതിനു ശേഷം, എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിവരിക്കും വിധമുള്ള മലവെള്ളപ്പാച്ചിൽ ഉണ്ടാകാനുള്ള സാഹചര്യം നിലനിൽക്കുന്നില്ല. അതു കൊണ്ടുതന്നെ സൈറ്റ് പരിശോധിക്കാതെയാണ് എസ്റ്റിമേറ്റ്

തയ്യാറാക്കിയതെന്ന് വ്യക്തമാണ്.

- മേൽ മാന്വലിലെ സെക്ഷൻ 2008 പ്രകാരം ടെണ്ടർ സമർപ്പിക്കുന്നതിനു മുമ്പേ കരാറുകാരൻ പ്രവൃത്തി സ്ഥലം പരിശോധിച്ച് സാധനങ്ങളുടെ ലഭ്യതയും, മറ്റു ബുദ്ധിമുട്ടുകളൊന്നും ഇല്ലെന്ന് ഉറപ്പു വരുത്തിയാണ് പ്രവൃത്തിയ്ക്കുള്ള ടെണ്ടർ സമർപ്പിക്കേണ്ടത്. ഇതു ഈ വിഷയത്തിൽ നടന്നിട്ടില്ലെന്ന് വ്യക്തമാണ്.
- മേൽ നിർദ്ദേശത്തിലെ സെക്ഷൻ 1601.1.4 പ്രകാരം ഏതെങ്കിലും സാഹചര്യത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചതിനു ശേഷം, പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഗണ്യമായ മാറ്റങ്ങൾ വേണ്ടി വന്നാൽ റീകാസ്റ്റ് എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടത്. ഈ പദ്ധതിയുടെ കാര്യത്തിൽ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പേ മറ്റു പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ട്. എന്നിട്ടും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയാണ്. ഇത്തരത്തിൽ ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമല്ല.
- റിവൈസ്ഡ് എസ്റ്റിമേറ്റിൽ പുതുതായി ഉൾപ്പെടുത്തിയ ഇനങ്ങൾക്ക് കരാറുകാരൻ പ്രത്യേകം നിരക്ക് ക്വാട്ട് ചെയ്തിട്ടില്ല. പ്രവൃത്തി അതേ കരാറുകാരന് തന്നെ നൽകിയപ്പോൾ, എപ്രകാരം നിരക്ക് നിശ്ചയിച്ചുവെന്ന് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വറിയിക്ക് മറുപടി ലഭിച്ചില്ല. മുകളിൽ വിവരിച്ച രീതിയിൽ എസ്റ്റിമേറ്റ് പുതുക്കി റോഡ് പ്രവൃത്തിയിൽ മാറ്റം വരുത്തി ചെയ്യേണ്ടി വന്നതിനാൽ 2017-18 വ്രഷത്തിൽ പദ്ധതി പൂർത്തീകരിച്ച് തുക നൽകാൻ സാധിക്കാതെ വന്നു. പിന്നീട് ഈ തുക 2018-19 വർഷത്തെ ഫണ്ടിൽ നിന്നാണ് നൽകിയത്. കൂടാതെ 250 മീറ്റർ നീളത്തിൽ വിഭാവനം ചെയ്ത റോഡ് പിന്നീട് 200 മീറ്ററിലാണ് പ്രവൃത്തി നടത്തിയത്. യഥാർത്ഥത്തിൽ ഉദ്ദേശിച്ച ലക്ഷ്യവും ഇതു മൂലം സാധ്യമായില്ല. പദ്ധതികൾ രൂപീകരിക്കുമ്പോഴും, എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോഴും യഥാർത്ഥ ആവശ്യകത നിറവേറും വിധം വിഭാവനം ചെയ്യേണ്ടതാണ്.

## 1-20 ഒരേ റോഡിന് രണ്ടു പദ്ധതി - വിശാദംശം ലഭ്യമല്ല

2018-19 വ്രഷത്തിൽ അസി.എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികളിൽ ഒരേ റോഡിന് ഒരേ സമയം രണ്ടു പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര്, പ്രോ.നം. | അടങ്കൽ | കരാറുകാരൻ/ഏറ്റെടുത്ത നിരക്ക് |
|---|---|---|---|
| 1. | കുടരഞ്ഞി കോലോത്തുംകടവ് ബണ്ട് റോഡ്, 228/19 | 4,34,000/- സംരക്ഷണഗ്രാന്റ് റോഡ് | ശ്രീ.ഗോപാലകൃഷ്ണൻ എസ്റ്റിമേറ്റ് നിരക്ക് |
| 2. | കുടരഞ്ഞി കോലോത്തുംകടവ് ബണ്ട് റോഡ്, 231/19 | 3,00,000/- സംരക്ഷണഗ്രാന്റ് റോഡ് | ശ്രീ.ഗോപാലകൃഷ്ണൻ എസ്റ്റിമേറ്റ് നിരക്ക് |

ഈ രണ്ടു പ്രവൃത്തികളിലും നിലവിലുള്ള റോഡിന്റെ അറ്റകുറ്റ പണിയും, റീ ടാറിംഗുമാണ് ഉൾപ്പെട്ടിട്ടുള്ളത്. രണ്ടു പ്രവർത്തികളുടേയും എസ്റ്റിമേറ്റുകളിൽ ഒരേ ഇനങ്ങൾ തന്നെയാണ്

അടങ്ങിയിരിക്കുന്നത്. ആദ്യ പദ്ധതിയിൽ ചെറിയ നീളത്തിൽ നിലവിലുള്ള ഡ്രൈറബിൾ ഡിസ്റ്റാന്റിൽ ചെയ്ത് പുതിയ കല്പണി ഉൾപ്പെട്ടിട്ടുണ്ട്. മേൽ രണ്ടു പ്രവർത്തികളുടേയും ഫയലുകൾ പരിശോധിച്ചതിൽ, രണ്ടു പദ്ധതികൾക്കും ഒരേ തിയ്യതിയിൽ തന്നെയാണ് ഭരണാനുമതിയും, വെറ്റിംഗ് ചെയ്ത് അംഗീകാരവും ലഭിച്ചിരിക്കുന്നതെന്ന് കാണാം. രണ്ടു പദ്ധതികളും ഒരേ തിയ്യതിയിൽ(1.11.18) ടെണ്ടർ ചെയ്തെങ്കിലും ആദ്യ പദ്ധതിയ്ക്ക് മാത്രമാണ് രണ്ടു കരാറുകാർ പങ്കെടുത്തത്. പിന്നീട് 5.2.2019ന് നടത്തിയ റീ ടെണ്ടറിലാണ് ഈ പദ്ധതിയ്ക്കായി കരാറുകാർ മുന്നോട്ടു വന്നതും, ആദ്യ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് തന്നെ പ്രവൃത്തി നൽകുന്നതും.

മെയിന്റനൻസ് പ്രവൃത്തികളുടെ കാര്യത്തിൽ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ എപ്രകാരം തയ്യാറാക്കണമെന്നും എന്തെല്ലാം വിശദാംശങ്ങൾ അതിൽ അടങ്ങിയിരിക്കണമെന്നും 2012 ലെ പുതുക്കിയ PWD മാന്വലിൽ സെക്ഷൻ 2601 മുതലുള്ള ഭാഗത്ത് വിശദമാക്കിയിട്ടുണ്ട്. റോഡുകളുടെ ആകെ നീളവും എവിടെ ആരംഭിക്കുന്നെന്നും അവസാനിക്കുന്നെന്നുമുള്ള വിവരങ്ങൾ, അറ്റകുറ്റപ്പണിയാണെങ്കിൽ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിന്റെ നിലവിലെ അവസ്ഥ, പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം ,മറ്റ് സ്ഥാപനങ്ങൾ (ഉദാ: ബ്ലോക്ക് , ജില്ലാ പഞ്ചായത്തുകൾ) നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായ വിവരങ്ങൾ ഇതിൽ ഉൾപ്പെടേണ്ടതുണ്ട്. എന്നാൽ മേൽ റോഡിന്റെ രണ്ടു പദ്ധതികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിലും അതേ റോഡിൽ തൻവർഷം നടത്താനുദ്ദേശിച്ച പ്രവൃത്തിയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. രണ്ടു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിലും പ്രവൃത്തി ചെയ്യാനുദ്ദേശിക്കുന്ന റോഡിന്റെ ചെയ്നേജും വ്യക്തമാക്കിയിട്ടില്ല.

രണ്ടു പ്രവൃത്തികളുടേയും നിർവ്വഹണവും ഒരേ തിയ്യതിയിലാണ് നടന്നിരിക്കുന്നത്. മെഷർമെന്റ് പുസ്തകത്തിൽ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നത് ഒരേ ആഴ്ചയിലെ ദിവസങ്ങളിലാണ്. തുടർന്ന് ബിൽ തയ്യാറാക്കി തുക നൽകിയതും ഒരു ദിവസത്തിൽ തന്നെ.

മേൽ രണ്ടു പ്രവൃത്തികളിലും 20mm പ്രീമിക്സ് കാർപെറ്റ് ഉപയോഗിച്ചുള്ള പ്ലാസ്റ്റിക് റോഡ് ഐറ്റം ഉൾപ്പെടുത്തിയിട്ടുണ്ട്. മെഷർമെന്റ് ബുക്കിലും പ്ലാസ്റ്റിക്കിന്റേയും, ബിറ്റുമിന്റേയും ആഡിക്യസി കണക്കാക്കി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ പ്ലാസ്റ്റിക് വാങ്ങിയതിന്റേയും, ഉപയോഗപ്പെടുത്തിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

മേൽ രീതിയിൽ ഒരേ സമയം ഒരു റോഡിനു തന്നെ രണ്ടു പദ്ധതികൾ ആവിഷ്കരിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാനും, നിർമ്മാണത്തിൽ പ്ലാസ്റ്റിക് ഉപയോഗിച്ചതിന്റെ വിശദാംശം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഓവർലാപ്പിംഗ് വന്നിട്ടുണ്ടോ എന്ന് പരിശോധിക്കാനും സാധിച്ചിട്ടില്ല. മുകളിൽ വിവരിച്ച പദ്ധതി യാഥാർത്ഥത്തിൽ ഒറ്റ പദ്ധതിയായി വിഭാവനം ചെയ്ത് ഇ ടെണ്ടർ നടത്തി നിർവ്വഹണം നടത്തേണ്ട ഒന്നായിരുന്നു. എന്നാൽ രണ്ടു പദ്ധതിയായി നടപ്പാക്കിയതു മൂലം ഇ ടെണ്ടർ നടപടി ഒഴിവാക്കുകയും, എസ്റ്റിമേറ്റ് നിരക്കിൽ നിർവ്വഹണം ഏൽപ്പിക്കുകയും ചെയ്തു. തൻവർഷത്തെ വിവിധ നിർമ്മാണ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പരിശോധിച്ചാൽ മനസ്സിലാക്കാം, ഇ ടെണ്ടർ നടപടികളിലൂടെ നിർവ്വഹണം നടത്തിയ പദ്ധതികൾക്കെല്ലാം വൻതോതിൽ നിരക്കു കുറവ് ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യം മുൻനിർത്തിയുള്ള ഇടപെടൽ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഭാഗത്തു നിന്നോ, ഭരണസമിതിയുടെ ഭാഗത്തു നിന്നോ ഉണ്ടായിട്ടില്ല. മേൽ രീതിയിൽ പദ്ധതി ആവിഷ്കരിക്കാനും, നടപ്പാക്കാനുമുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 1-21 ഹരിതകേരളം പദ്ധതി

സംസ്ഥാനത്തിന്റെ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുകയെന്നത് പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങളിലൊന്നാണ്. ഈ ലക്ഷ്യം നേടുന്നതിനായി സംസ്ഥാന സർക്കാരിനൊപ്പം പ്രാദേശിക സർക്കാരുകളും മുന്നിൽ നിന്നും പ്രവർത്തിക്കേണ്ടതുണ്ട്. നവകേരളം

കർമ്മപദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നാല് വികസനമിഷനുകളിൽ ഒന്നായ ഹരിതകേരളം മിഷന് കൃഷി വികസനം, ശുചിത്വ-മാലിന്യ സംസ്കരണം, ജല സംരക്ഷണം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളാണ് ഉള്ളത്. മാലിന്യരഹിത, കാർഷിക സമ്പന്നമായ , ജല സ്വയം പര്യാപ്തത ഉള്ള ഒരു തദ്ദേശഭരണ സ്ഥാപനം ലക്ഷ്യമായി കണ്ടാണ് ഹരിതകേരള മിഷൻ പ്രവർത്തിക്കുന്നത്. ഇതിൽ പ്രധാനമാണ് ശുചിത്വ- മാലിന്യ സംസ്കരണം. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 (എ)മുതൽ219 (യു) വരെ നിയമങ്ങൾ ഖരമാലിന്യമുൾപ്പടെയുള്ള മാലിന്യങ്ങളുടെ നിർമ്മാർജ്ജനം പ്രാദേശിക സർക്കാരുകളുടെ ചുമതലയാണെന്ന് വ്യക്തമാക്കുന്നു.

കേരള പഞ്ചായത്ത് രാജ് ആക്ടിലെ മേൽപറഞ്ഞ നിയമങ്ങൾ മാലിന്യ നിർമ്മാർജ്ജനത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വം വ്യക്തമാക്കുന്നതോടൊപ്പം തന്നെ ഗ്രാമപഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങളുടെ ഉടമസ്ഥർക്കും താമസക്കാർക്കും മറ്റ് മാലിന്യ സ്രാഷ്ടാക്കൾക്കുമുള്ളമുള്ള ഉത്തരവാദിത്വങ്ങളും വിശദമാക്കുന്നു. ചവറും ഖരാവസ്ഥയിലുള്ള മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള ഏർപ്പാട് ചെയ്യുക, ) വീട്ടുവീടാന്തരമുള്ള ചവറുശേഖരണത്തിന് ഏർപ്പാട് ചെയ്യുക, ഖരമാലിന്യങ്ങൾ ആത്യന്തികമായി കൈയ്യൊഴിയുന്നതിന് ആവശ്യമായ സ്ഥലവും സംവിധാനവും ഒരുക്കുക, മാലിന്യവും മറ്റും നീക്കം ചെയ്യുന്നതിന് മൂടിയുള്ള വണ്ടി ഉപയോഗിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വങ്ങളിൽ പെടുമ്പോൾ മാലിന്യങ്ങൾ ശേഖരിക്കുകയും നിക്ഷേപിക്കുകയും ചെയ്യുന്നതിന് കെട്ടിട ഉടമസ്ഥർക്കും താമസക്കാർക്കും ഉള്ള കർത്തവ്യം 219B,G,I,,K തുടങ്ങിയ സെക്ഷനുകളിൽ വ്യക്തമാക്കുന്നു.

സ.(ഉ).11/2018/തസ്വഭവ തീ. 29.01.2018 ഖ. 7.1.6(സി).1 പ്രകാരം, ഓരോ പ്രദേശത്തേയും മാലിന്യമുക്തമാക്കുന്നതിനായി ജൈവമാലിന്യം ഉറവിടത്തിൽ തന്നെ പരിപാലിക്കുക, അജൈവമാലിന്യം ശേഖരിച്ച് പുന:ചക്രമണ വിധേയമാക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നിവയായിരിക്കണം മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സമീപനം. എല്ലാ ഗ്രാമ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും പൊതുവിഭാഗം വികസനഫണ്ടിലെ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 10 ശതമാനമെങ്കിലും മാലിന്യ സംസ്കരണത്തിനും ജലസംരക്ഷണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിതകേരള മിഷൻ പ്രൊജക്ടുകൾക്ക് വകയിരുത്തണം (ഇതേ ഉത്തരവിലെ ഖ. 5.4(4)). ജൈവമാലിന്യങ്ങളുടെ കാര്യത്തിൽ ഉറവിട മാലിന്യ സംസ്കരണം ലക്ഷ്യം വയ്ക്കേണ്ടതും പരാമാവധി വീടുകളിലും സ്ഥാപനങ്ങളിലും ഉറവിടമാലിന്യ സംവിധാനങ്ങൾ ഒരുക്കുവാനുള്ള പ്രവർത്തനങ്ങൾ വീട്ടുവീടാന്തരം സന്ദർശിച്ച് നടത്തേണ്ടതുമാണ്. ഇത്തരം സംവിധാനങ്ങൾ സ്വന്തം നിലയ്ക്ക് ഒരുക്കാൻ സ്ഥലപരിമിതിയുള്ളവർക്കും തെരുവ് ശുചീകരണത്തിന്റെ ഭാഗമായുണ്ടാകുന്ന ജൈവമാലിന്യങ്ങൾക്കും വേണ്ടി പൊതുസംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.

<u>നിലവിലെ അവസ്ഥ</u>

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര്, നം. | നിർവ്വഹണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | ഗാർഹിക ബയോഗ്യാസ് യൂണിറ്റ് 36/19 | വി.ഇ.ഒ | 304500 | 152250 |
| 2 | അജൈവമാലിന്യ ശേഖരണ സ്റ്റോറേജ് ഷെഡ് നിർമ്മാണം (192/19) | അസി. എഞ്ചിനീയർ | 10,00,000 | 5,00,000 |

| | | | | |
|---|---|---|---|---|
| 3. | അജൈവ മാലിന്യ സ്റ്റോറേജ് ഷെഡിന് പാർശ്വഭിത്തി<br>(242/19) | | 4,50,000/- | നടപ്പാക്കിയില്ല |

ഉറവിട ജൈവമാലിന്യ സംസ്കരണം ലക്ഷ്യമിട്ട് ഗാർഹിക ബയോഗ്യാസ് പദ്ധതിയാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്. 77 ഗുണഭോക്താക്കളിൽ 29 പേർ മാത്രമാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളൂ. ക്രമ നം.(2) പ്രകാരമുള്ള അജൈവ മാലിന്യ സ്റ്റോറേജ് ഷെഡ് പ്രവൃത്തി പൂർത്തിയായിട്ടേയുള്ളൂ. അജൈവ മാലിന്യംശേഖരിച്ച് സ്റ്റോർ ചെയ്യൽ ആരംഭിച്ചിട്ടില്ല.

2017-18 വർഷത്തിൽ ഇതേ ഇനത്തിൽ 3 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതിയുടെ പേര്, നം. | നിർവ്വഹണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | അജൈവ മാലിന്യ സംസ്കരണം(121/18) | വി.ഇ.ഒ | 5,00,000/- | ഇല്ല |
| 2 | സ്കൂളുകൾക്ക് വേസ്റ്റ് പിറ്റ്(202/18) | അസി.എഞ്ചിനീയർ | 1,00,000/- | ഇല്ല |
| 3 | അജൈവ മാലിന്യ ശേഖരണം സ്റ്റോറേജ് ഷെഡ്(210/18) | അസി.എഞ്ചിനീയർ | 10,00,000/- | ഇല്ല |

അടിയന്തിരമായി ഗ്രാമപഞ്ചായത്തിൽ മാലിന്യ സർവ്വെ നടത്തി പൂർണ്ണപ്രവർത്തന പദ്ധതി തയ്യാറാക്കേണ്ടതാണ്. അജൈവമാലിന്യ സ്റ്റോറേജ് ഷെഡ് പ്രവർത്തനക്ഷമമാക്കുന്നതിനും ജൈവ-അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

<u>കാർഷിക മേഖലയിലെ പദ്ധതികൾ ഹരിതകേരളം പദ്ധതിയുമായി സംയോജിപ്പിച്ച് ആസൂത്രണം ചെയ്യുന്നില്ല</u>

ജി.ഒ (എം.എസ്) 11/2018/ തസ്വഭവ തിയ്യതി 20.12.2018 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം കാർഷിക മേഖലയിൽ പദ്ധതികൾ ഹരിതകേരള മിഷൻ തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി യോജിച്ചുള്ളവയായിരിക്കണം.

സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 11/2018/ത.സ്വ.ഭ.വ., തിയ്യതി: 29.01.2018 പ്രകാരം പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലുൾപ്പെടുത്തി പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 7 ൽ വിവരിച്ചിട്ടുള്ള വിവിധ മേഖലകൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ പാലിക്കപ്പെടണം എന്ന് നിഷ്കർഷിക്കുന്നു. മേൽ ഉത്തരവ് പ്രകാരം കാർഷിക മേഖലയിലെ ഇടപെടലുകൾ ഹരിത കേരള മിഷന്റെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് ആസൂത്രണം ചെയ്യണം. മണ്ണ്, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, നീർത്തട പരിപാലനം, വനവത്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കണം. ജൈവകൃഷിയും, ജൈവവളങ്ങളുടേയും ജൈവകീടനാശിനികളുടേയും ഉത്പാദനവും, ഉപയോഗവും പ്രോത്സാഹിപ്പിക്കുന്നതും, കാർഷിക വിളകളുടെ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതുമായ പ്രോജക്ടുകൾക്ക് പരിഗണന നൽകേണ്ടതും, പഴം, പച്ചക്കറി എന്നിവയുടെ വിപണനത്തിന് പരമ്പരാഗത ചന്തകൾ, നാടൻ ചന്തകൾ, മറ്റ് വിപണന സംവിധാനങ്ങൾ എന്നിവയുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതുമാണ്. ഒരു നിശ്ചിത കാലയളവിനുള്ളിൽ കാർഷികോത്പന്നങ്ങളുടെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന ലക്ഷ്യത്തോടെയായിരിക്കണം പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടത്. ഇതിനു വേണ്ടി കാർഷിക പദ്ധതികൾ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി പരമാവധി സംയോജിപ്പിച്ച്

നടപ്പാക്കുന്നതിനുള്ള സാദ്ധ്യതയും ഉപയോഗപ്പെടുത്തണം.

പതിമൂന്നാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന് മുന്നോടിയായി കൃഷി വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ അവസ്ഥാരേഖയിൽ കാർഷിക മേഖലയിൽ നേരിടുന്ന പ്രതിസന്ധികളും, ഇവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും വിവരിച്ചിട്ടുണ്ട്. വ്യക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന അവസ്ഥാ രേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾ രൂപം നൽകേണ്ടത്. എന്നാൽ തൻവർഷം വിഭാവനം ചെയ്ത പദ്ധതികൾ പരിശോധിച്ചതിൽ, മുൻ വർഷങ്ങളിൽ നടപ്പാക്കി വരുന്ന അതേ പദ്ധതികളുടെ ആവർത്തനമാണ് 2018-19 വർഷത്തിലും നടന്നിട്ടുള്ളതെന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 2018-19 | | | |
| 1 | ജാതിതൈ വിതരണം(10/19) | 2,62,500 | 2,62,500 |
| 2 | തെങ്ങുകൃഷിക്ക് രാസവളം, ജൈവവളം, തൈകൾ വിതരണം(11/19) | 13,82,800 | 9,73,872 |
| 3 | വാഴക്കന്ന്, ജൈവവള വിതരണം(വനിത)(23/19) | 4,20,000 | 3,99,735 |
| 4 | പച്ചക്കറിക്കൃഷിക്ക് വിത്ത് തൈ, കൂലിചെലവ്(33/19) | 1,00,000 | 99,996 |
| 5 | കൊക്കോ തൈ വിതരണം വളവും(55/19) | 2,66,663 | - |
| 2017-18 | | | |
| 1 | ഫലവൃക്ഷത്തൈ, ഇടവിളക്കൃഷി വികസനം | 1,00,000 | 1,00,000 |
| 2 | തെങ്ങുകൃഷിക്ക് ജൈവവളം, രാസവളം വിതരണം | 801771 | 551746 |
| 3 | പച്ചക്കറി തൈ വിതരണം(വനിത) | 1,00,000 | 1,00,000 |
| 4 | കുറ്റിക്കുരുമുളക് തൈ വിതരണം(വനിത) | 2,00,000 | 2,00,000 |
| 5 | ജാതിതൈ വിതരണം | 1,40,000 | 1,40,000 |
| 6 | വാഴക്കന്ന്/ടിഷ്യൂകൾച്ചർ വാഴ തൈ വിതരണം(വനിത) | 315000 | 315000 |
| 2016-17 | | | |
| 1 | പച്ചക്കറി തൈ/വിത്ത് വിതരണം | 77220 | 77220 |
| 2 | തെങ്ങുകൃഷിക്ക് ജൈവവളം, തൈകൾ വിതരണം | 12,00,000 | 5,84,386 |
| 3 | കുറ്റിക്കുരുമുളക് തൈ വിതരണം(വനിത) | 3,20,000 | 2,70,000 |
| 4 | പച്ചക്കറിക്കൃഷി ടെറസ്സിലും മുറ്റത്തും (വനിത) | 3,15,000 | 175000 |
| 5 | വാഴക്കന്ന് ജൈവവള വിതരണം | 445000 | 126000 |
| 6 | ഇഞ്ചിവിത്ത് വിതരണം(വനിത) | 170600 | 110000 |
| 7 | ചേന വിത്ത് വിതരണം(വനിത) | 120000 | 80000 |

കൃഷിഭവനിലെ അടിസ്ഥാനവിവര പ്രകാരം കൃഷി യോഗ്യമായ 70 ഹെക്ടർ കൃഷിഭൂമി തരിശായി കിടക്കുന്നുണ്ട്. ഇത് കൃഷിയ്ക്ക് പ്രയോജനപ്പെടുത്തുന്നതിനായി പദ്ധതി നടപ്പിലാക്കിയിട്ടില്ല. കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് പകരം വിത്തുകൾ, വളങ്ങൾ തൈകൾ എന്നിവ വിതരണം ചെയ്യുന്ന പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. മണ്ണ് ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം നീർത്തട പരിപാലനം. വനവൽക്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പ്രോൽസാഹിപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള പദ്ധതികൾ

രൂപീകരിച്ച് നടപ്പാക്കിയിട്ടില്ല. ഹരിത കേരളം മിഷന്റെ ലക്ഷ്യമായ ജൈവ കൃഷിയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം, തരിശുഭൂമി കൃഷി കാർഷിക വിളകളുടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ പ്രോൽസാഹിപ്പിച്ച് നിശ്ചിത കാലയളവിനുള്ളിൽ കാർഷിക മേഖല സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യം കൈവരിക്കത്തക്ക വിധമുള്ള പദ്ധതികൾ കാർഷിക മേഖലയിൽ നടപ്പിലാക്കിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതിരൂപീകരണ വേളയിൽ മാത്രം സജീവമാവുകയും, പദ്ധതി നിർവ്വഹണ സമയത്തും, പദ്ധതികളുടെ മോണിറ്ററിംഗ് സമയത്തും നിഷ്ക്രിയമായിരിക്കുകയുമാണെന്നാണ് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മിനുട്സ് പരിശോധനയിൽ നിന്നും വ്യക്തമാകുന്നത്.

ഹരിതകേരള മിഷനുമായി സംയോജിപ്പിച്ച് കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ലഭിക്കത്തക്ക വിധമുള്ള പ്രോജക്ടുകൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഹരിതകേരള മിഷന്റെ മുഖ്യലക്ഷ്യമായ വൃത്തിയും ജലസമൃദ്ധിയും കാർഷിക സ്വയം പര്യാപ്തതയും ഉള്ള ഗ്രാമങ്ങൾ വീണ്ടെടുക്കുന്നതിനായി ശുചിത്വമാലിന്യ സംസ്കരണ മേഖലയിൽ ദീർഘവീക്ഷണത്തോടെയുള്ളതും പ്രായോഗികവുമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതും, ഹരിതകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് ശുചിത്വ മാലിന്യ സംസ്കരണമേഖലയിലെയും, കാർഷിക, ജലസംരക്ഷണ മേഖലയിലും പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോകാൻ ഭരണ സമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-22 സമഗ്ര വിദ്യാഭ്യാസ പരിപാടി

കേന്ദ്ര സംസ്ഥാന പരിപാടികൾ, മിഷനുകൾ,വിവധ തലങ്ങളിലുള്ള ഗവൺമെന്റുകൾ, ഏജൻസികൾ, തുടങ്ങിയവയുടെ സംയോജന സാദ്ധ്യതകൾ എല്ലാം പരിഗണിച്ച് വികസന പ്രശ്നത്തെ അതിന്റെ സമഗ്രതയിൽ പരിഹരിക്കുന്നതിന് ആവിഷ്കരിക്കുന്നതാണ് സമഗ്ര പരിപാടികൾ. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് ഒറ്റയ്ക്കോ കൂട്ടായോ മറ്റ് ഏജൻസികളുമായി ചേർന്നോ സമഗ്ര പരിപാടികൾ ആവിഷ്കരിക്കാവുന്നതാണ്. എന്നാൽ 2018-19 വർഷത്തിൽ കുടരഞ്ഞി ഗ്രാമ പഞ്ചായത്തിൽ ഇത്തരം പരിപാടികളൊന്നും നടപ്പിലാക്കിയിട്ടില്ല.

ഗവ. എൽ. പി സ്കൂൾ ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി 3 പ്രൊജക്റ്റുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും തുടർ സാക്ഷരതഎന്ന ഒരു പ്രോജക്റ്റ് മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പൊതു വിഭാഗം സാധാരണ വിഹിതമായി വകയിരുത്തിയ 50,000/-രൂപയിൽ 49150/-രൂപ ചെലവഴിച്ചിട്ടുണ്ട്. നീന്തൽ പരിശീലനം (പൊതു വിഭാഗം സാധാരണ വിഹിതം 100000/-) ഗെയിംസ് ഫെസ്റ്റിവൽ (തനത് ഫണ്ട് 120000/-) എന്നീ പ്രൊജക്റ്റുകൾ നടപ്പിലാക്കിയിട്ടില്ല.

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ ബാലസഭ (53/19) യ്ക്ക് വകയിരുത്തിയ 10000/- രൂപയിൽ (പൊതു വിഭാഗം) 9970/-രൂപ കുടരഞ്ഞി ഗവ. എൽ. പി സ്കൂളിൽ ബാലസഭാ ക്യാമ്പ് നടത്തിയ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്

## 1-23 ലൈഫ് മിഷൻ - സമ്പൂർണ്ണ ഭവന പദ്ധതി

2017 മുതൽ 2021 വരെയുള്ള 13ാം പഞ്ചവത്സപദ്ധതി കാലത്ത് ഭവന രഹിതരായ പാവപ്പെട്ടവർക്ക് എല്ലാവർക്കും സ്വന്തമായി വാസയോഗ്യമായ ഭവനം ഉറപ്പു വരുത്തുന്നതാണ് ലൈഫ് പാർപ്പിട പദ്ധതി. ലൈഫ് ഭവന പദ്ധതി രൂപീകരണം, ഗുണഭോക്താക്കളെ നിശ്ചയിക്കൽ, നിർവ്വഹണം എന്നിവ സംബന്ധിച്ച് 31.7.2017 ലെ സ.ഉ(എം.എസ്)നം. 151/2017/തസ്വഭവ ഉത്തരവിൽ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നീതിയുക്തമായും പരാതിരഹിതമായും നാലു വിഭാഗങ്ങളിലുള്ള ഗുണഭോക്താക്കളെ കണ്ടെത്തുകയും പ്രൊജക്ടുകൾ തയ്യാറാക്കി ഭവന നിർമ്മാണത്തിന് ധനസഹായം

നല്കകയുമാണ് ചെയ്യേണ്ടത്. ലൈഫ് പാർപ്പിട പദ്ധതി പ്രകാരം ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത് താഴെ ചേർത്ത വിഭാഗങ്ങളിലായാണ്.

1.പണി പൂർത്തിയാകാത്ത വീടുകളുള്ള കുടുംബങ്ങൾ

2. സ്വന്തമായി ഭൂമിയുള്ള ഭവന രഹിത കുടുംബങ്ങൾ
3. വാസയോഗ്യമല്ലാത്ത വീടുകളുള്ള നിർധന കുടുംബങ്ങൾ

4. ഭൂരഹിത – ഭവന രഹിത കുടുംബങ്ങൾ

ഗ്രാമപഞ്ചായത്തിൽ ലൈഫ് പാർപ്പിട പദ്ധതി പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2017-18, 2018-19 വർഷങ്ങളിൽ പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

1. പണി പൂർത്തിയാകാത്ത വീടുകളുള്ള കുടുംബം

മുൻ വർഷങ്ങളിലെ ഭവന നിർമ്മാണ പ്രൊജക്ടുകൾ പ്രകാരം വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് നിർമ്മാണത്തിനുവേണ്ട ആനുപാതിക തുക കണക്കാക്കി നല്കുകയാണ് ചെയ്യുന്നത്. 2017-18 ൽ 64/18 നം. , 222/18 എന്നീ പ്രൊജക്ട് പ്രകാരം യഥാക്രമം 120000, 104000 എന്നിങ്ങനെ ആകെ 124000 രൂപ 3 ഗുണഭോക്തക്കൾക്കായി ചെലവഴിച്ചിട്ടുണ്ട്.

2.സ്വന്തമായി ഭൂമിയുള്ള ഭവന രഹിതർ

ജനറൽ, എസ്.സി, എസ്.ടി വീഭാഗങ്ങൾ ഉൾപ്പെടെ ആകെ 156 പേരടങ്ങുന്ന ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയെങ്കിലും 88 ഗുണഭോക്താക്കളാണ് കരാർ വെച്ചത്. നം. 39/18(ജനറൽ), 245/19(എസ്.സി.പി), 246/19(ടി.എസ്.പി) എന്നീ പ്രൊജക്ടുകൾ പ്രകാരം ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ ജനറൽ വിഭാഗത്തിലെ നാലു ഗുണഭോക്താക്കൾ മുഴുവൻ ഗഡുക്കളും കൈപ്പറ്റി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. പ്രൊജക്ടുകൾക്കായി ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതങ്ങളും KURDFCവായ്പാ തുകയും ഉൾപ്പെടെ ആകെ 24437892രൂ (ജനറൽ 23097077 + പട്ടിക ജാതി 980815 + പട്ടിക വർഗ്ഗം 360000 ) രൂപ ചെലവഴിച്ചിട്ടുണ്ട്.

3.വാസയോഗ്യമല്ലാത്ത വീടുകളുള്ള നിർധന കുടുംബം

ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്തൃ പട്ടിക തയ്യാറാക്കുകയോ പ്രൊജക്ട് രൂപീകരിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ 158/19, (ജനറൽ), 45/19(പട്ടിക ജാതി), 47/19(പട്ടികവർഗ്ഗം) പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

4.ഭൂരഹിത- ഭവന രഹിത കുടുംബങ്ങൾ

ഈ വിഭാഗത്തിലെ ഗുണഭോക്താക്കളെ നിർണയിച്ച് 2017-18, 2018-19 കാലയളവിൽ പ്രൊജക്ടുകൾ നടപ്പാക്കിട്ടില്ല. എല്ലാ പാവപ്പെട്ടവർക്കും വാസയോഗ്യമായ ഭവനം എന്ന ലൈഫ് പദ്ധതി ലക്ഷ്യം 2021 ആകുമ്പോഴേക്കും നേടുന്നതിന് പദ്ധതി പ്രകാരമുള്ള എല്ലാ ഗുണഭോക്താക്കളെയും നിർണയിച്ച് പ്രൊജക്ടുകൾ വിഭാവനം ചെയ്ത് നടപ്പാക്കേണ്ടതുണ്ട്.

## 1-24 കുമ്പാറ മാവേലി സ്റ്റോർ - വാടകരഹിത കെട്ടിടം ഒരുക്കുന്നതിന് പകരം തനത് ഫണ്ടിൽ നിന്നും വാടക നൽകുന്നു.

ശ്രീ. ഷിഹാബുദ്ദീൻ, വാളകുണ്ടിൽ,കുമാരനെല്ലൂർ എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ മാവേലി സ്റ്റോർ പ്രവർത്തിപ്പിക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്(കരാർ

നം. 4/17-18 തീ. 12.02.2018). ഇതിന്റെ അടിസ്ഥാനത്തിൽ കുമ്പാറ മാവേലി സ്റ്റോർ കെട്ടിടത്തിന്റെ വാടക പ്രതിമാസം 6500/- രൂപ നിരക്കിൽ 03/2018 മുതൽ 08/2018 വരെയുള്ള 6 മാസത്തെ വാടകയായ 39,000/- രൂപയും ( വൗച്ചർ 21800470/06.09.2018), 09/18 മുതൽ 02/2019 വരെ 6 മാസ വാടക 39,000/- രൂപയും (വൗച്ചർ നം. 21800993/ 06.03.2019) ചേർത്ത് 2018-19 വർഷത്തിൽ 78,000/- രൂപ ശ്രീ. ഷിഹാബുദ്ദീൻ എന്നവർക്ക് നൽകിയിട്ടുണ്ട്.

സ.ഉ(സാധാ)301/2013/തസ്വഭവ തീ. 04.02.2013 പ്രകാരം ത.സ്വ.ഭ സ്ഥാപനങ്ങളിൽ പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 2 വർഷത്തേക്ക് വാടകരഹിത കെട്ടിടവും രണ്ടാമത് ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് അതു പ്രവർത്തിക്കുന്ന കാലത്തേക്ക് വാടകരഹിത കെട്ടിടവും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും ഫർണിഷിംഗിനുമായി ഒരു ലക്ഷം രൂപയും അതത് തസ്വഭ സ്ഥാപനം ഒരുക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. കുമ്പാറയിൽ 600 ചതുരശ്ര അടിയിൽ കുറയാത്ത മുറി കണ്ടെത്തുന്നതിനും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കുമായി 1 ലക്ഷം രൂപ നൽകുന്നതിനും, ആജീവനാന്ത വാടക പഞ്ചായത്ത് നൽകുന്നതിനും 31.08.2017 ലെ 2/2 നം. പ്രകാരം തീരുമാനമെടുത്തു. ഇത് പ്രകാരം പഞ്ചായത്തിലെ കുമ്പാറ മാവേലി സ്റ്റോറിന് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായി 11.04.2018 ൽ 434546 നം ചെക്ക് പ്രകാരം 1,00,000/- രൂപ കൈമാറിയിട്ടുണ്ട്.(പ്രൊജക്ട് നം. 237/19).

മേൽ ഉത്തരവിൽ, പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 2 വർഷത്തേക്ക് വാടകരഹിത കെട്ടിടവും രണ്ടാമത് ആരംഭിക്കുന്ന മാവേലി സ്റ്റോറിന് വാടക രഹിത കെട്ടിടം ഒരുക്കിക്കൊടുക്കുന്നതിനാണ് തസ്വഭ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുള്ളത്. സ.ഉ(സാധാ)386/2019/തസ്വഭവ തീ. 22.02.2019 ഉത്തരവിലും 700 ചതുരശ്ര അടിവരെ വിസ്തീർണ്ണമുള്ള കെട്ടിടം 5 വർഷം വരെ വാടകരഹിതമായി നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വാടകരഹിത കെട്ടിടം ഒരുക്കിക്കൊടുക്കുന്നതിന് പകരം മാവേലി സ്റ്റോർ വാടക തനത് ഫണ്ടിൽ നിന്നും ആജീവനാന്തമായി നൽകുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്. കുമ്പാറയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ ഗ്രാമപഞ്ചായത്തിലെ എത്രാമത്തെ മാവേലിസ്റ്റോർ ആണെന്നതിന് വ്യക്തതയില്ല. ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ആജീവനാന്ത വാടക നൽകുന്നതിന് ലഭ്യമായ സർക്കാർ അനുമതി, വാടക നിരക്ക് നിശ്ചയിച്ചതിന്റെ അടിസ്ഥാനം , ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള മാവേലി സ്റ്റോറുകളുടെ വിവരം, കുമ്പാറ മാവേലി സ്റ്റോർ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നമ്പർ എന്നീ വിവരങ്ങളും ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും (21/20.12.2018) മറുപടി ലഭ്യമാക്കുകയോ സർക്കാർ അനുമതിയുടെ വിവരം ഹാജരാക്കുകയോ ചെയ്തിട്ടില്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 33000 (മുൻബാക്കി) | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | 33000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 71100 (മുൻബാക്കി) | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 0 | 71100 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | ക്ഷീര സഹകരണസംഘങ്ങളിലെ പാലിന് സബ്സിഡി | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 500000 | ക്ഷീര സഹകരണസംഘങ്ങളിലെ പാലിന് സബ്സിഡി | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 250000 | ക്ഷീര ഗ്രാമം | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 4124002 | ലൈഫ് പാർപ്പിട പദ്ധതി | 3815200 | 308802 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1489652 | ലൈഫ് പാർപ്പിട പദ്ധതി | 1489652 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 289800 | ലൈഫ് പാർപ്പിട പദ്ധതി പട്ടിക ജാതി | 289800 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 76015 | ലൈഫ് പാർപ്പിട പദ്ധതി | 76015 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 60000 | ലൈഫ് പാർപ്പിട പദ്ധതി | 60000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 96570 | 53430 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 68000 | ലൈഫ് ഭവന പദ്ധതി – പട്ടിക വർഗ്ഗം | 60000 | 8000 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 96570 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 96570 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വർഷം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇൻസ്ററലേഷൻ ഓഫ് സ്ട്രീറ്റ് ലൈറ്റ് | 2017-18 | 599960 | 599960 | 0 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ വലിക്കൽ | 2018-19 | 596307 | 596307 | 0 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈനിന് സർവ്വീസ് കണക്ഷൻ | 2018-19 | 91022 | 91022 | 0 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | അങ്കണവാടികൾക്ക് കുഴൽകിണർ | 2018-19 | 36030 | 36030 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഗ്രാമ പഞ്ചായത്ത് തൻവർഷം ലൈഫ് പാർപ്പിടപദ്ധതിക്കായി സ്വീകരിച്ച വായ്പയുടെ വിവരം താഴെ ചേർക്കുന്നു.

| സർക്കാർ ഉത്തരവ് നം. | വർഷം | വായ്പ നല്കിയ സ്ഥാപനം | തുക | തീയ്യതി | വായ്പ തിരിച്ചടവ് | | അഭിപ്രായം |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1.എൽ.എസ്.ജി.ഡി. | 2018-19 | KURDFC | 7302025 | 24.1.2019 | --- | --- | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| (സാധാ)68/2018 തീ. 18.5.2018<br>2.എൽ.എസ്.ജി.ഡി. (സാധാ)111/2018 തീ. 13.8.2019 | | | 6280000 | 15.2.2019 | | | | |
| | | ആകെ | 13582025 | | | | | |

## 4-5 സ്ഥിര നിക്ഷേപം

സ്ഥിര നിക്ഷേപം സംബന്ധിച്ച് പ്രത്യേക ഇൻവെസ്റ്റ്മെന്റ് റജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സ്ഥിര നിക്ഷേപ രശീതി ലഭ്യമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുകയാണ് പട്ടികയിൽ ചേർത്തത്.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1100 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1100 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1100 |

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക | ഒടുക്കിയ ആൾ | അഭിപ്രായം |
|---|---|---|---|---|
| 2002-03 | 3-5 | 2976 | സിറാജുദ്ദീൻ മംഗലശ്ശേരി | രശീതി നം. 118020102746/06.12.2018 |
| 2002-03 | 3-5 | 14776 | കെ.ഐ.ജോസ്, കാഞ്ഞിരത്തിങ്കൽ | രശീതി നം. 118020102703/04.12.2018 |
| 2016-17 | 3-4 | 2301 | ജോൺ.പി.യു, കരാറുകാരൻ | രശീതി നം 118020101143/1.8.2018 |
| ആകെ | | 20053 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 10 | 2003-04 | 11.1.3.43 | കുടിവെള്ള ജലസേചന പദ്ധതികൾപരിപാലന കമ്മിറ്റിയ്ക്ക് കൈമാറിയില്ല. | |
| 2001-02 | | 2004-05 | 11.1.3.35 | നികുതിപിരിവിൽ അലംഭാവം | |
| 2002-03 | 2-5 | 2006-07 | 379.1.18-100 | നികുതികാലഹരണം | |
| 2002-03 | 3-3 | 2006-07 | 379.5.7 | വാട്ടർചാർജ് | |
| 2002-03 | 3-5 | 2006-07 | 379.17.4 | നടപ്പാതനിർമ്മാണം പ്രവർത്തിപൂർത്തിയായില്ല. | |
| | | 2014-15 | 4.1.4-25 | ഖരമാലിന്യസംസ്കരണസംവിധാനം | |
| | | 2014-15 | 4.1.5-30 | വ്യവസായകേന്ദ്രങ്ങൾ. കെട്ടിടനിർമ്മാണത്തിൽമാത്രം ഒതുങ്ങുന്ന | |
| 2014-15 | 2-3 | 2016-17 | അനുബന്ധം-4,187 | തൊഴിൽനികുതി അപാകതകൾ | |
| 2015-16 | 2-2 | 2016-17 | അനുബന്ധം-5,211 | തൊഴിൽനികുതി അപാകതകൾ | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഭരണ സ്ഥാപനം | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | രസീത് നം. തീയ്യതി | റവന്യൂ റിക്കറിയിലൂടെ ഈടാക്കിയ തുക, തീയ്യതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവ ശേഷി ക്കുന്ന തുക/ ബാധ്യത | റി മാർ ക്ക് സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | നം. | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 1996 -97 | 12,13, 15,21 | എ. പി . സതീന്ദ്ര ബാബു, ജൂനിയർ സൂപ്രണ്ട് | എൽ എഫ് 8268/ സ്പെ. സെ 4/2000 തിയതി 4-5-01 | 940 | 940/ 20944/ 76/14 തിയതി 2.06.01 20932 /51 തിയതി 27-01-01 | | | | | | |
| 2003 -04 | 3-1 | എ.പി സനൽ കുമാർ, ജൂനിയർ സൂപ്രണ്ട് | എൽ എഫ് 6394 സ്പെ. സെൽ 5/08 തിയതി 28- 03.09 | 3650- | | | | | | 3650 | |

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 94076568 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ | 87315577 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 376527 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-12 | 2,84,200 | ശ്രീമതി .രശ്മിപ്രിയ, അസി.സെക്രട്ടറി |
| 1-13 | 66,327 | ശ്രീ.നൈസി തോമസ്, മെഡിക്കൽ ഓഫീസർ |
| 1-15 | 26,000 | ശ്രീമതി കെ. പത്മാവതി, ഐ.സി.ഡി.എസ് സൂപ്പർ വൈസർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾഎന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി കെ. പത്മാവതി, ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ശ്രീമതി കെ. പത്മാവതി, ഐ.സി.ഡി.എസ് സൂപ്പർ വൈസർ, മുക്കം നഗരസഭ | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 81-82 | കെ.എസ്.എ.കെ.കെ.ഡി.പി1/838 /18/5.5.18 | 6 (8b,12,19,20,21,23} |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.പി1/838 /18/5.5.18 | 10(CAR) |
| 2001-02(DCB) | കെ.എസ്.എ.കെ.കെ.ഡി.പി1/838 /18/5.5.18 | ( 3) { ,2-1,3-5,3-6} |

| | | |
|---|---|---|
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി1/838 /18/5.5.18 | (2) {3-6,3-8} |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി1/838 /18.5.18 | (2) { 3-1,3-7} |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി1/838 /18/5.5.18 | (2){ 3-5,3-8} |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി1/838 /18/5.5.18 | 3-9 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി1/838 /18/5.5.18 | (4) . { 3-8,3-12,3-13,3-14} |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി1/838 /18/5.5.18 | (9) { 2-12,3-5,3-7,3-9, 3-14,3-23,3-24,3-26,3-10(CAR)} |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി1/838 /18/5.5.18 | (7) .{ 2-8(1),2-8(3), 2-9,3-12,3-13,3-15,3-16} |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി1/838 /18/5.5.18 | (5) {.3-2,3-5(2),3-5(3),3-7,3-1(CAR)} |
| 2010-11- 11-12 | കെ.എസ്.എ.കെ.കെ.ഡി.പി1/617 /1/6/.5.18 | (5). {3-8,3-9,3-11,3-16,3-19} |
| 2012-13 2013-14 | കെ.എസ്.എ.കെ.കെ.ഡി.പി1/617 /1/6/.5.18 | (17) .{ 2-2,3-1,3-2,3-3,3-4,3-5,3-7, 3-8,3-9,3-10,3-11,3-14, 3-15,3-17,3-18,3-19,3-20} |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി1/617 /1/6/.5.18 | 14, {(2-3(1),2-3(2), 2-3(3),2-4,3-1,3-3,3-2,3-4, 3-7,3-10,3-12,3-16,3-17,3-20)} |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി1/617 /1/6/.5.18 | 10, {2-2,3-3,3-6,3-7, 3-8,3-9,3-13,3-15,3-16,3-17} |

| | | |
|---|---|---|
| 2016-17 | കെഎസ്.എ.കെ.കെ.ഡി.പി1/813 /17/15.2.18 | 23{ 2-1,2-2,2-3,2-4,2-5, 2-6,3-1,3-2,3-3,3-4,3-5,3-6,3-7, 3-8,3-9,3-10,3-11,3-12,3-13, 3-14,3-15,3-16,3-17} |
| 2017-18 | കെഎസ്.എ.കെ.കെ.ഡി.പി1/235 /2019/6.3.2019 | 1-10,1-12,2-1,2-2,2-3,2-4,3-1,3-2, 3-3,3-4,3-5,3-6,4-7,4-8, |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി.പി.9 /7/2020 തിയതി:07.01.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **കൂടരഞ്ഞി ഗ്രാമ** പഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം,കോഴിക്കോട്.